# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മരുതോങ്കര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ /കെ കെ ഡി / പി7/998/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 15/06/2022
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മരുതോങ്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മരുതോങ്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മരുതോങ്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ /കെ കെ ഡി / പി7/998/2022 തീയ്യതി: 15/06/2022

## കോഴിക്കോട് ജില്ലയിലെ മരുതോങ്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ മരുതോങ്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-05-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എം.വാസുദേവൻ | ഡെപ്യൂട്ടിഡയരക്ടർ(ഹ.ഗ്രേ) | 06-06-2022 | 10-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-06-2022 | 10-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ബാലകൃഷ്ണൻ കെ.എം,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ഗിരീശൻ പാറപ്പൊയിൽ,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
രാജീവൻ എൻ,സീ.ഗ്രേ.ഓഡിറ്റർ
ജാസിർ സി.എം,ഓഡിറ്റർ
ശ്രീജിത് കെ.വി,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സജിത് കെ | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| ശ്രീമതി.സതി കെ.എം | പ്രസിഡന്റ് | 01-04-2020 | 20-12-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ചന്ദ്രൻ പി | സെക്രട്ടറി | 01-04-2020 | 25-06-2020 |
| ശ്രീ.സുജിത് കെ | സെക്രട്ടറി | 26-06-2020 | 31-03-2021 |
| ശ്രീ.ജിനു എബ്രഹാം | അസി.സെക്രട്ടറി | 01-04-2020 | 29-06-2020 |
| ശ്രീ.സജീവൻ ടി.പി | അസി.സെക്രട്ടറി | 30-06-2020 | 31-03-2021 |
| ശ്രീ.രമ്യാരാജൻ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ.ബിജു | വി.ഇ.ഒ | 01-04-2020 | 05-11-2020 |
| ശ്രീ.മനോജ് | വി.ഇ.ഒ | 06-11-2020 | 31-03-2021 |
| ശ്രീ.മഹേഷ് കെ.കെ | ഡി.എഫ്.ഒ | 01-04-2020 | 31-03-2021 |
| ശ്രീ ബാബു കെ | ഹെഡ്മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീമതി നീതു വർഗ്ഗീസ് | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ഡോ.ബേബിരസ്ന | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2020 | 31-03-2021 |
| ഡോ.ഇ.വി ആനന്ദൻ | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | 01-04-2020 | 31-03-2021 |
| ശ്രീമതി അശ്വിനി എ.ആർ | അസി.എഞ്ചിനീയർ | 01-04-2020 | 24-06-2020 |
| ശ്രീ.ബി ഹജിപ്രസാദ് | അസി.എഞ്ചിനീയർ | 25-06-2020 | 31-03-2021 |
| ശ്രീ.ജനപതി ടി.എസ് | അസി.എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ഡോ.സീലിയ ലൂയിസ് | വെറ്ററിനറി സർജൻ | 01-04-2020 | 05-07-2020 |
| ഡോ.ശ്രീരാഖി എ.എൽ | വെറ്ററിനറി സർജൻ | 06-07-2020 | 02-02-2021 |
| ഡോ.ജിത്തു | വെറ്ററിനറി സർജൻ | 03-02-2021 | 23-02-2021 |

| | | | |
|---|---|---|---|
| ഡോ.വിദ്യാലക്ഷ്മി | വെറ്ററിനറി സർജൻ | 24-02-2021 | 31-03-2021 |

.

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്-തയ്യാറാക്കിയതിലും പരിപാലനത്തിലും അപാകതകൾ<br>Written By: Gireeshan Parappoyil (Audit Officer (HG), On 10-06-2022)<br>Last Updated By: Vasudevan M (Deputy Director, On 15-06-2022) | 1-1 |
| 2 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Jasir C M (Auditor, On 10-06-2022)<br>Last Updated By: Vasudevan M (Deputy Director, On 15-06-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Jasir C M (Auditor, On 09-06-2022)<br>Last Updated By: Vasudevan M (Deputy Director, On 15-06-2022) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Jasir C M (Auditor, On 09-06-2022)<br>Last Updated By: Vasudevan M (Deputy Director, On 15-06-2022) | 1-4 |
| 5 | ആഭ്യന്തര നിയന്ത്രണം<br>Written By: Balakrishnan K.M (Audit Officer (HG), On 10-06-2022)<br>Last Updated By: Vasudevan M (Deputy Director, On 15-06-2022) | 1-5 |
| 6 | എം ജി എൻ ആർ ഇ ജി എസ് പദ്ധതി - നടത്തിപ്പിലെ അപാകതകൾ<br>Written By: N. Rajeevan (Senior Grade Auditor, On 10-06-2022)<br>Last Updated By: Vasudevan M (Deputy Director, On 15-06-2022) | 1-6 |
| 7 | ലോഡ്ജിംഗ് ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് പാർപ്പിടാവശ്യങ്ങൾക്കുള്ള നികുതി നിർണ്ണയിച്ചു - വരുമാന നഷ്ടം സംഭവിക്കുന്നു<br>Written By: Jasir C M (Auditor, On 10-06-2022)<br>Last Updated By: Vasudevan M (Deputy Director, On 15-06-2022) | 1-7 |
| 8 | തൊഴിൽ നികുതി അപാകതകൾ<br>Written By: Jasir C M (Auditor, On 10-06-2022)<br>Last Updated By: Vasudevan M (Deputy Director, On 15-06-2022) | 1-8 |
| 9 | വ്യവസായങ്ങൾക്കും വ്യാപാര-ഫാക്ടറി സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് അപാകതകൾ<br>Written By: Jasir C M (Auditor, On 10-06-2022)<br>Last Updated By: Vasudevan M (Deputy Director, On 15-06-2022) | 1-9 |
| 10 | മുഴുവൻ റോഡുകളുടെയും വിവരങ്ങൾ സഞ്ചയ സോഫ്റ്റ്വെറിൽ അപ്ലോഡ് ചെയ്തില്ല-നികുതി നഷ്ടം<br>Written By: Jasir C M (Auditor, On 10-06-2022)<br>Last Updated By: Vasudevan M (Deputy Director, On 15-06-2022) | 1-10 |
| 11 | വസ്തു നികുതി നിർണ്ണയത്തിന് ശേഷം കെട്ടിടത്തിൽ രൂപമാറ്റം വരുത്തുന്നു.<br>Written By: Jasir C M (Auditor, On 10-06-2022)<br>Last Updated By: Vasudevan M (Deputy Director, On 15-06-2022) | 1-11 |
| 12 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ വിനിയോഗിക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.<br>Written By: Jasir C M (Auditor, On 10-06-2022)<br>Last Updated By: Vasudevan M (Deputy Director, On 15-06-2022) | 1-12 |
| 13 | ജി എസ് ടി റിട്ടേൺ തയ്യാറാക്കുന്നതിനുള്ള ചെലവ് വഹിക്കുന്നത് ശരിയല്ല<br>Written By: Gireeshan Parappoyil (Audit Officer (HG), On 10-06-2022)<br>Last Updated By: Vasudevan M (Deputy Director, On 15-06-2022) | 1-13 |
| 14 | തനത് ഫണ്ട് ചെലവ് രേഖപ്പെടുത്തൽ-അപാകതകൾ<br>Written By: Gireeshan Parappoyil (Audit Officer (HG), On 10-06-2022)<br>Last Updated By: Vasudevan M (Deputy Director, On 15-06-2022) | 1-14 |
| 15 | ടെണ്ടറിൽ മത്സരക്ഷമതയില്ല<br>Written By: Srijith K.V (Auditor, On 10-06-2022)<br>Last Updated By: Vasudevan M (Deputy Director, On 15-06-2022) | 1-15 |

| | | |
|---|---|---|
| 16 | റോഡ് ടാറിംഗ്- കൂടുതൽ ഗുണമുള്ളതും ചെലവ് കുറഞ്ഞതുമായ ഇനം തെരെഞ്ഞെടുത്തില്ല<br>Written By: Srijith K.V (Auditor, On 10-06-2022)<br>Last Updated By: Vasudevan M (Deputy Director, On 15-06-2022) | 1-16 |
| 17 | കരാർ ചമയ്ക്കുന്നതിൽ കാലതാമസം -പിഴ ഈടാക്കിയില്ല.<br>Written By: Srijith K.V (Auditor, On 10-06-2022)<br>Last Updated By: Vasudevan M (Deputy Director, On 15-06-2022) | 1-17 |
| 18 | റോഡ് പ്രവൃത്തികൾ പൂർണ്ണമായി ആസൂത്രണം ചെയ്യുന്നില്ല.<br>Written By: Srijith K.V (Auditor, On 10-06-2022)<br>Last Updated By: Vasudevan M (Deputy Director, On 15-06-2022) | 1-18 |
| 19 | സിമന്റ് കോൺക്രീറ്റ് പേവ്മെന്റ് - മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമല്ല<br>Written By: Srijith K.V (Auditor, On 10-06-2022)<br>Last Updated By: Vasudevan M (Deputy Director, On 15-06-2022) | 1-19 |
| 20 | റീ ടെൻഡർ തുക മെയിന്റനൻസ് ഗ്രാന്റിൽ നിന്നും തിരികെ നൽകി<br>Written By: Srijith K.V (Auditor, On 10-06-2022)<br>Last Updated By: Vasudevan M (Deputy Director, On 15-06-2022) | 1-20 |
| 21 | ടെണ്ടർ കുറവ് പരിഗണിക്കാതെ റീ-ടെണ്ടർ നടപടി സ്വീകരിച്ചു.<br>Written By: Srijith K.V (Auditor, On 10-06-2022)<br>Last Updated By: Vasudevan M (Deputy Director, On 15-06-2022) | 1-21 |
| 22 | നെൽകൃഷി കൂലിച്ചെലവ് സബ്സിഡി നൽകിയതിലെ അപാകതകൾ<br>Written By: N. Rajeevan (Senior Grade Auditor, On 10-06-2022)<br>Last Updated By: Vasudevan M (Deputy Director, On 15-06-2022) | 1-22 |
| 23 | ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ നൽകൽ പദ്ധതിയിലെ അപാകതകൾ<br>Written By: N. Rajeevan (Senior Grade Auditor, On 10-06-2022)<br>Last Updated By: Vasudevan M (Deputy Director, On 15-06-2022) | 1-23 |
| 24 | അളവ് രേഖപ്പെടുത്തിയതിൽ അപാകത<br>Written By: Srijith K.V (Auditor, On 10-06-2022)<br>Last Updated By: Vasudevan M (Deputy Director, On 15-06-2022) | 1-24 |
| 25 | വനിതകൾക്ക് പ്രത്യേകമായി പദ്ധതികളാവിഷ്കരിച്ചില്ല<br>Written By: N. Rajeevan (Senior Grade Auditor, On 10-06-2022)<br>Last Updated By: Vasudevan M (Deputy Director, On 15-06-2022) | 1-25 |
| 26 | ബഡ്സ് സ്കൂൾ/ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ തുടങ്ങുന്നതിന് നടപടി സ്വീകരിച്ചില്ല.<br>Written By: Jasir C M (Auditor, On 10-06-2022)<br>Last Updated By: Vasudevan M (Deputy Director, On 15-06-2022) | 1-26 |
| 27 | അഗതി ആശ്രയ പദ്ധതി - മുഴുവൻ ഗുണഭോക്താക്കൾക്കും ആനുകൂല്യങ്ങൾ ലഭിച്ചു എന്ന് ഉറപ്പുവരുത്താത്തതും മറ്റ് അപാകതകളും<br>Written By: Jasir C M (Auditor, On 10-06-2022)<br>Last Updated By: Vasudevan M (Deputy Director, On 15-06-2022) | 1-27 |
| 28 | ടെണ്ടർ ക്ഷണിക്കാതെ കമ്പ്യൂട്ടറുകളും മറ്റ് ഉപകരണങ്ങളും വാങ്ങി<br>Written By: N. Rajeevan (Senior Grade Auditor, On 10-06-2022)<br>Last Updated By: Vasudevan M (Deputy Director, On 15-06-2022) | 1-28 |
| 29 | എസ്.സി.വനിതകൾക്ക് പെണ്ണാട് - സബ്സിഡി നൽകിയതിൽ അപാകത<br>Written By: Balakrishnan K.M (Audit Officer (HG), On 10-06-2022)<br>Last Updated By: Vasudevan M (Deputy Director, On 15-06-2022) | 1-29 |
| 30 | ജി.എൽ.പി.സ്കൂളിന് മൈക്ക് സെറ്റ് വാങ്ങൽ - പ്രൊജക്ട് തയ്യാറാക്കിയതിലെ അപാകതകൾ<br>Written By: Balakrishnan K.M (Audit Officer (HG), On 10-06-2022)<br>Last Updated By: Vasudevan M (Deputy Director, On 15-06-2022) | 1-30 |

ഭാഗം **2**

--- No Records Found ---

ഭാഗം **3**

| | | |
|---|---|---|
| 1 | ടെണ്ടർ കുറവ് പരിഗണിക്കാതെ റീ-ടെണ്ടർ നടപടി സ്വീകരിച്ചു<br>Written By: Vasudevan M (Deputy Director, On 15-06-2022)<br>Last Updated By: Vasudevan M (Deputy Director, On 15-06-2022) | 3-1 |
| 2 | എസ്.സി വനിതകൾക്ക് പെട്ടിക്കട - സബ്സിഡി നൽകിയതിൽ അപാകത<br>Written By: Vasudevan M (Deputy Director, On 15-06-2022)<br>Last Updated By: Vasudevan M (Deputy Director, On 15-06-2022) | 3-2 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Jasir C M (Auditor, On 08-06-2022)<br>Last Updated By: Vasudevan M (Deputy Director, On 15-06-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jasir C M (Auditor, On 08-06-2022)<br>Last Updated By: Vasudevan M (Deputy Director, On 15-06-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Jasir C M (Auditor, On 08-06-2022)<br>Last Updated By: Vasudevan M (Deputy Director, On 15-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Jasir C M (Auditor, On 08-06-2022)<br>Last Updated By: Vasudevan M (Deputy Director, On 15-06-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Jasir C M (Auditor, On 08-06-2022)<br>Last Updated By: Vasudevan M (Deputy Director, On 15-06-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Jasir C M (Auditor, On 08-06-2022)<br>Last Updated By: Vasudevan M (Deputy Director, On 15-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Jasir C M (Auditor, On 08-06-2022)<br>Last Updated By: Vasudevan M (Deputy Director, On 15-06-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Jasir C M (Auditor, On 08-06-2022)<br>Last Updated By: Vasudevan M (Deputy Director, On 15-06-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Jasir C M (Auditor, On 08-06-2022)<br>Last Updated By: Vasudevan M (Deputy Director, On 15-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Balakrishnan K.M (Audit Officer (HG), On 10-06-2022)<br>Last Updated By: Vasudevan M (Deputy Director, On 15-06-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Jasir C M (Auditor, On 08-06-2022)<br>Last Updated By: Vasudevan M (Deputy Director, On 15-06-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്-തയ്യാറാക്കിയതിലും പരിപാലനത്തിലും അപാകതകൾ

ഓഡിറ്റ് വർഷത്തെ ബജറ്റ് 10.3 20 -ലെ 1ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ഇതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| | |
|---|---:|
| മുന്നിരിപ്പ് | 41,66,456 |
| വരവ് | 26,56,12,054 |
| ആകെ | 26,97,78,510 |
| ചെലവ് | 26,53,26,054 |
| നീക്കിയിരിപ്പ് | 44,52,456 |

ബജറ്റ് തയ്യാറാക്കിയതിലും പരിപാലിച്ചതിലും താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ടെന്ന് ബജറ്റ് രേഖകളും മറ്റ് പ്രസക്തമായ വിവരങ്ങളും പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു.

എ) റവന്യൂ വരവ് ചെലവുകൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയത് നടപടിക്രമമനുസരിച്ചല്ല

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 214, 2.12.2016ലെ ജി.ഒ(ആർ.ടി) 3291/2016 എൽ എസ് ജി ഡി നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച ഗ്രാമപഞ്ചായത്തുകൾക്കുള്ള ബജറ്റ് മാന്വൽ എന്നിവ നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കാതെയാണ് സ്ഥാപനം ബജറ്റ് തയ്യാറാക്കിയിരിക്കുന്നത്. മാന്വൽ പ്രകാരം ഡിസംബർ അവസാന വാരം ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും (ഘടക സ്ഥാപനങ്ങളിലെ ഓഫീസ് തലവന്മാരിൽ നിന്നും) നോൺ പ്ലാൻ വരവ് ചെലവുകൾ സംബന്ധിച്ച് തന്നാണ്ട വർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകളും ബജറ്റ് വർഷത്തേക്കുള്ള പ്രൊപ്പോസലുകളും സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. നോൺ പ്ലാൻ സംബന്ധിച്ച് സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങൾ ജനുവരി മാസം ആദ്യ വാരത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത് തീരുമാനിക്കണം. ജനുവരി 15 നകം സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ലഭിക്കണം. എന്നാൽ ഈ നടപടിക്രമങ്ങൾ പാലിക്കപ്പെട്ടിട്ടില്ലെന്ന് ബജറ്റ് ഫയലിന്റെ അഭാവത്തിൽ വ്യക്തമാകുന്നു.

ബി) മുന്നിരിപ്പ് കണക്കാക്കിയതിൽ അപാകത

ഏതൊരു വർഷത്തേയും ബജറ്റ് തയ്യാറാക്കുന്നതിന് അടിസ്ഥാനമാക്കേണ്ടത് ബജറ്റ് തയ്യാറാക്കുന്ന വർഷത്തിന് മുമ്പുള്ള വർഷത്തെ യഥാർത്ഥ വരവ് ചെലവ് കണക്കുകളെ അടിസ്ഥാനമാക്കിയാണ്. ഇത് പ്രകാരം ഓഡിറ്റ് വർഷത്തെ ബജറ്റ് തയ്യാറാക്കാൻ അടിസ്ഥാനമാക്കേണ്ടത് 2018-19 വർഷത്തെ

കണക്കുകളാണെന്ന് കാണാം. ബജറ്റ് പരിശോധിച്ചതിൽ 2018-19 വർഷത്തെ മുന്നിരിപ്പായി സ്വീകരിച്ചിരിക്കുന്നത് 1411576/- രൂപയാണെന്ന് കാണുന്നു. എന്നാൽ 2017-18 വർഷത്തെ കണക്കുകൾ പരിശോധിച്ചതിൽ യഥാർത്ഥ നീക്കിയിരിപ്പ് (ഇതുതന്നെയാണ് 2018-19 വർഷത്തെ മുന്നിരിപ്പ്) താഴെ പറയും പ്രകാരം 9784757/- രൂപയാണ്

B12+15+B17 = 13876861-

B4+B7+B9 = 5961750

9784757

യഥാർത്ഥ മുന്നിരിപ്പിൽ നിന്നും തികച്ചും വ്യത്യസ്തമായ തുകയാണ് ബജറ്റിൽ സ്വീകരിച്ചതെന്ന് കണക്കുകൾ കാണിക്കുന്നു. യഥാർത്ഥ കണക്കുകളെ അടിസ്ഥാനപ്പെടുത്തിയല്ല ബജറ്റ് തയ്യാറാക്കിയതെന്നും ഇത് കൊണ്ട് തന്നെ അത് വസ്തുതാപരമല്ലെന്നും മേല്പറഞ്ഞതിൽ നിന്നും വ്യക്തമാകുന്നു.

സി) തനത് ഫണ്ട് - ബജറ്റ് പ്രൊവിഷനും വാർഷിക പദ്ധതി വകയിരുത്തലും പൊരുത്തപ്പെടുന്നില്ല

ബജറ്റ് പ്രകാരം വാർഷിക പദ്ധതിക്കായി തുകയൊന്നും വകയിരുത്തിയിട്ടില്ല. മുന്നിരിപ്പ്, നികുതി, നികുതിയേതര വരുമാനങ്ങൾ, ജനറൽ പർപ്പസ് ഗ്രാന്റ് എന്നിവ കൂട്ടിയ തുകയും നീക്കിയിരിപ്പ് അനിവാര്യ ചുമതലകൾ നിർവ്വഹിക്കുന്നതിന് വകയിരുത്തിയ തുക എന്നിവ കൂട്ടിയ തുകയും തുല്യമാണെന്നതിനാലാണ് ഇത്. എന്നാൽ 3.3.20ന് ഭരണസമിതി അംഗീകരിച്ച വാർഷിക പദ്ധതിയിൽ 3244959/- രൂപ തനത് ഫണ്ടിൽ നിന്നും വകയിരുത്തിയിട്ടുണ്ട്. ബജറ്റ് പ്രൊവിഷനില്ലാതെ ഇത്രയും തുക വാർഷിക പദ്ധതിക്ക് വകയിരുത്തിയത് ക്രമപ്രകാരമല്ല.

ഡി) സർക്കാർ ഗ്രാന്റുക ൾ- ബജറ്റ് പ്രൊവിഷനേക്കാൾ കൂടിയ തുക വാർഷികപദ്ധതിക്ക് വകയിരുത്തി

സർക്കാർ ഗ്രാന്റുകളുടെ കാര്യത്തിൽ സ്റ്റേറ്റ് ബജറ്റ് പ്രകാരമുള്ള തുക തന്നെയാണ് സ്ഥാപനത്തിന്റെ ബജറ്റിൽ ഉൾപ്പെടുത്തിയത്. ഇത് 39165000/- രൂപയായിരുന്നു. എന്നാൽ 3.3.20ന് ഭരണസമിതി അംഗീകരിച്ച വാർഷിക പദ്ധതിക്ക് ഗ്രാന്റിനങ്ങളിൽ ആകെ 49327605/- രൂപ വകയിരുത്തിയിട്ടുണ്ട്. അതായത് 1.02 കോടി രൂപയുടെ പ്രോജക്കുകൾ ബജറ്റ് പ്രൊവിഷന് പുറത്താണ് അംഗീകരിച്ചതെന്ന് കാണാം. ബജറ്റ് പ്രൊവിഷനില്ലാതെ പ്രോജക്കുകൾ തയ്യാറാക്കി നിർവ്വഹിച്ചത് ക്രമപ്രകാരമല്ല.

ഇ) NREGS ആക്ഷൻ പ്ലാൻ തുകയും ബജറ്റ് പ്രൊവിഷനും പൊരുത്തപ്പെടുന്നില്ല

സ്ഥാപനത്തിന്റെ NREGS ആക്ഷൻ പ്ലാൻ ബജറ്റിന് മുമ്പേ അംഗീകരിച്ചിട്ടുണ്ടെങ്കിലും ആക്ഷൻ പ്ലാൻ അടങ്കലും ബജറ്റ് പ്രൊവിഷനും പൊരുത്തപ്പെടുന്നില്ല . 17.14 കോടി രൂപയുടെ പ്ലാനാണ് അംഗീകരിച്ചതെങ്കിലും 15.21 കോടി രൂപയുടെ പ്രൊവിഷൻ മാത്രമാണ് ബജറ്റിൽ ഉൾപ്പെടുത്തിയത്. 1,93

കോടി രൂപയുടെ പ്രോജക്റ്റുകൾ ബജറ്റ് ഉൾക്കൊണ്ടിട്ടില്ല. കൂടാതെ ബജറ്റ് പ്രൊവിഷനനുസരിച്ച് NREGS നായി ആകെ വകയിരുത്തിയ തുകയിൽ 13 കോടിയുടെ പ്രോജക്റ്റുകൾ മെറ്റീരിയൽ വർക്കുകൾക്കായുള്ളതാണ്. എന്നാൽ ആക്ഷൻ പ്ലാൻ പ്രകാരം മെറ്റീരിയൽ വർക്കുകൾ 9.14 കോടിയുടേത് മാത്രമാണ്.

എഫ് ) എല്ലാ ബജറ്റ് രേഖകളും തയ്യാറാക്കിയിട്ടില്ല

ബജറ്റിന്റെ ഭാഗമായി തയ്യാറാക്കേണ്ട ബജറ്റ് സ്പീച്ച്, ബജറ്റ് നോട്ട്, വർക്ക് ഷീറ്റുകൾ, ജന്റർ ബജറ്റ്, പെർഫോമൻസ് ബജറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല. ഇത് കൊണ്ട് തന്നെ ബജറ്റ് അപൂർണ്ണമാണെന്നു കാണാം.

ബജറ്റുമായി ബന്ധപ്പെട്ട മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. വിശദീകരണം നല്കേണ്ടതും തുടർ വർഷങ്ങളിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കി പരാമർശം ഒഴിവാക്കേണ്ടതുമാണ്.

1-2 വാർഷിക കണക്കിലെ അപാകതകൾ

മരുതോങ്കര ഗ്രാമപഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1.Closing Stock-Stores എന്ന ശീർഷകത്തിൽ 148535/- രൂപ ബാലൻസായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ബന്ധപ്പെട്ട രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

2.ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

3.വിവിധ സംയുക്ത പദ്ധതികൾക്കായിട്ടുള്ള ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് വിഹിതങ്ങളിൽ ബാലൻസ് ഷീറ്റ് B4 ഷെഡ്യൂൾ പ്രകാരം ചുവടെ ചേർക്കും പ്രകാരം നീക്കിയിരിപ്പുണ്ട്. ഇവ പൂർണ്ണമായി ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

| ഇനം | തുക |
|---|---|
| Contribution For Joint Venture Projects (For Revenue Expenditure)-District Panchayath | 89460/- |
| Contribution For Joint Venture Projects (For Revenue Expenditure)-from Block Panchayaths | 10362/- |
| Contribution For Joint Venture Projects | 100000/- |

| | |
|---|---|
| (For Capital Expenditure)-From Block Panchayaths | |

4.മിസലേനിയസ് ഡിമാൻഡ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഇത് കാരണം RP-4 ൽ പെർമിറ്റ് ഫീ, ക്രമവത്കരണ ഫീ എന്നിവ ഒഴികെയുള്ളവയുടെ വിവരങ്ങൾ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

5.ആസ്തി രജിസ്റ്റർ കാലാനുസൃതമാക്കിയിട്ടില്ല.

6.നിലവിൽ ഇടപാടുകളില്ലാത്ത ബാങ്ക് അക്കൗണ്ടുകളിൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-17 പ്രകാരം ചുവടെ ചേർക്കും പ്രകാരം ബാലൻസുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ക്ലോസ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

| ക്രമ നം | അക്കൌണ്ട് വിവരങ്ങൾ | ബാലൻസ് തുക |
|---|---|---|
| 1 | എസ്.എം.ജി.ബി സ്പോർട്സ്-640 | 1,79,842 |
| 2 | കനറ ബാങ്ക്-പ്ലാൻ-029 | 1,21,207 |
| 3 | ഇ.എം.എസ് ഹൌസിംഗ് ലോൺ-5181 | 250 |
| 4 | വി.പി.എഫ്.എ-3-6 | 5,38,624 |

മേൽ അക്കൗണ്ടുകൾ ക്ലോസ് ചെയ്ത് നീക്കിയിരിപ്പ് തുകകൾ അതത് ഫണ്ടിൽ നിക്ഷേപിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

7.ബാലൻസ് ഷീറ്റ്-ഷെഡ്യൂൾ ബി-7 ഡെപ്പോസിറ്റ് -ഇനത്തിൽ വിവിധയിനം ഡെപ്പോസിറ്റുകളുടെ ഇനത്തിൽ 882527/- രൂപ നീക്കിയിരിപ്പുണ്ട്. വിവിധ ഇനങ്ങളിലുള്ള കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനതു ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് അവശേഷിക്കുന്നുണ്ട്.

8.ബാലൻസ് ഷീറ്റിലെ ബി-9 ഷെഡ്യൂളിൽ വിവിധ സർക്കാർ ഏജൻസികളിലേയ്ക്ക് അടവാക്കുന്നതിനായി ചുവടെ ചേർത്ത പ്രകാരം ബാധ്യത ഇനത്തിൽ നീക്കിയിരിപ്പുണ്ട്.

| ക്രമ | ഇനം | തുക |
|---|---|---|

| നം | | |
|---|---|---|
| 1 | VAT | 260637 |
| 2 | കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് | 36100 |
| 3 | റിവർ മാനേജ്മെന്റ് ഫണ്ട് | 123875 |
| 4 | ഇൻകം ടാക്സ് -Deducted At Source | 79640 |
| 5 | റോയൽറ്റി | 23525 |

9.വാർഷിക കണക്കിനോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ, റേഷ്യോസ്, പ്രധാനപ്പെട്ട എക്കൗണ്ട് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 85,56,333 |
| വരവ് | 6,90,19,526 |
| ആകെ | 7,75,75,859 |
| ചെലവ് | 6,17,96,610 |
| നീക്കിയിരിപ്പ് | 1,57,79,249 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി/ ചെലവഴിക്കാത്ത തുക |
|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ (ACR പ്രകാരം) | 0 | 10671056 | 10671056 | 10671056 | 0 |
| വികസന ഫണ്ട്- | 0 | 1849201 | 1849201 | 18492010 | 0 |

| | | | | | |
|---|---|---|---|---|---|
| എസ്.സി.പി (ACR പ്രകാരം) | | | | | |
| വികസന ഫണ്ട്- ടി.എസ്.പി (ACR പ്രകാരം) | | 438076 | 438076 | 433815 | 4261 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 12345000 | 12345000 | 9369989 | 2975011 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3563588 | 3563588 | 2749947 | 813641 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- ടൈഡ് (ACR പ്രകാരം) | 0 | 4940000 | 4940000 | 3355475 | 1584525 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- അൺ ടൈഡ് | 0 | 11939060 | 11939060 | 6190189 | 5748871 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| ഐ.സി.ഡി.എസ് | 616 | 808695 | 809311 | 553527 | 255784 |
| ടോട്ടൽ സാനിറ്റേഷൻ ക്യാംപയിൻ | 1763994 | 280000 | 2043994 | 405952 | 1638042 |
| എം.പി ഫണ്ട് | 96734 | 3083 | 99817 | 0 | 99817 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | |
| ജലനിധി | 13066 | 3707336 | 3720402 | 3699178 | 21224 |
| ശുചിത്വമിഷൻ ഗ്രാന്റ് | 0 | 1941857 | 1941857 | 140000 | 1801857 |

ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ

2020-21 സാമ്പത്തിക വർഷത്തിൽ ഐ.കെ.എം തയ്യാറാക്കി നൽകിയ ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1)ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രിക പ്രകാരമുള്ള വിവിധ ഫണ്ടുകളുടെ അലോക്കോഷനും സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള അലോക്കേഷനും തമ്മിൽ വ്യത്യാസം നിലനിൽക്കുന്നു.

## 1-5 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. പഞ്ചായത്തിൽ കൃത്യമായ ജോലിവിഭജനത്തിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് ഉത്തരവാദിത്വങ്ങൾ വിഭജിച്ച് നൽകിയിട്ടുണ്ട്. സ്റ്റാഫ് മീറ്റിങ്ങുകൾ വിളിച്ചുകൂട്ടി ഓഫീസ് പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട്. കാഷ്ബുക്ക്, ഡേ ബുക്ക് എന്നിവ ദിവസേന സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. വിവിധ ഡി.സി.ബി. രജിസ്റ്ററുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. വിവിധ ക്ഷേമ പെൻഷനുകളുടെ അപേക്ഷ രജിസ്റ്ററിൽ ഭരണസമിതി, പെൻഷൻ അനുവദിച്ച തിയ്യതി രേഖപ്പെടുത്തിയിട്ടില്ല. സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അപേക്ഷ രജിസ്റ്റർ മേലുദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്തിൽ 1266 വാണിജ്യ കെട്ടിടങ്ങളുണ്ടെങ്കിലും 226 സ്ഥാപനങ്ങൾ മാത്രമാണ് ഡി&ഒ ലൈസൻസ് എടുത്തിരിക്കുന്നത്. കൈമാറി കിട്ടിയ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ പേരും വിലാസവും രേഖപ്പെടുത്തി സൂക്ഷിക്കേണ്ട ഇൻകൂമ്പൻസി മാസ്റ്റർ രജിസ്റ്റർ എഴുതി കൃത്യമായി സൂക്ഷിച്ചിട്ടില്ല. മുൻകാല ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്ന കാര്യത്തിൽ പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഊർജിതമായ നടപടികൾ ഉണ്ടാവേണ്ടിയിരിക്കുന്നു. 1997-98 മുതൽ 2018-19 വരെ 24 റിപ്പോർട്ടുകളിലായി 272 പരാമർശങ്ങൾ നിലവിലും പരിഹരിക്കാതെ അവശേഷി ക്കുന്നുണ്ട്. ധനമാനേജ്മെന്റിന് അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമപ്രകാരമുള്ള നടപടികൾ പാലിക്കുന്നതിൽ പഞ്ചായത്തിന് വീഴ്ച ഉണ്ടായിട്ടുണ്ട്. നിർവഹണ ഉദ്യോഗസ്ഥർ സമർപ്പിച്ച് ബജറ്റ്

പ്രപ്പോസലുകളും ആയതിന്റെ അടിസ്ഥാനത്തിൽ സ്റ്റാന്റിംഗ് കമ്മറ്റികൾ അംഗീകരിച്ച് നൽകിയ ബജറ്റ് നിർദ്ദേശങ്ങളും അടങ്ങുന്ന ഫയൽ സൂക്ഷിക്കുന്നതായി കാണുന്നില്ല.

1-6 എം ജി എൻ ആർ ഇ ജി എസ് പദ്ധതി - നടത്തിപ്പിലെ അപാകതകൾ

എം ജി എൻ ആർ ഇ ജി എസ് പദ്ധതി പ്രകാരം ഓഡിറ്റ് വർഷങ്ങളിൽ നിർവ്വഹിക്കപ്പെട്ട പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1) പ്രവൃത്തികൾക്കാവശ്യമായ വിവിധങ്ങളായ മെറ്റീരിയൽ ലഭിക്കുന്നതിന് ഓരോ പ്രവൃത്തിയും ടെണ്ടർ ചെയ്യുകയും, കുറഞ്ഞ തുക ക്വോട്ട് ചെയ്ത കരാറുകാരുമായി കരാർ വച്ച് സാധനങ്ങൾ ശേഖരിക്കുകയുമാണ് ചെയ്തിരിക്കുന്നത്. പ്രവൃത്തികളുടെ ടെണ്ടർ ഫയൽ പരിശോധിച്ചതിൽ എല്ലാ പ്രവൃത്തികൾക്കും രണ്ട് ടെണ്ടർ മാത്രം ലഭിച്ചതായും കുറഞ്ഞ ടെണ്ടർ തുക എസ്റ്റിമേറ്റ് നിരക്കായതിനാൽ, എസ്റ്റിമേറ്റ് നിരക്കിൽ എല്ലാ പ്രവൃത്തികളും കരാർ വച്ച് കൈമാറിയതായും കാണുന്നു. ആകെയുണ്ടായിരുന്ന 101 പ്രവൃത്തികളിലും ഒരു കരാറുകാരനാണ് മെറ്റീരിയൽ സപ്ലൈ ചെയ്തിതിക്കുന്നത്.

മെറ്റീരിയൽ പ്രവൃത്തികൾക്ക് സാധനങ്ങൾ ശേഖരിക്കപ്പെട്ടത് മത്സരാധിഷ്ഠിതമായല്ലെന്ന് കാണാം. മെറ്റീരിയൽ പ്രവൃത്തികൾ എപ്രകാരം നിർവ്വഹിക്കണമെന്ന് നിർദ്ദേശിച്ചു കൊണ്ടുള്ള 31.1.2012 ലെ 93/2012/തസ്വഭവ നമ്പർ ഉത്തരവിൽ നിഷ്കർഷിക്കുന്ന വിധത്തിൽ സാധനങ്ങൾ സമാഹരിക്കാത്തതാണ് ഇതിലേക്ക് നയിച്ചതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ലേബർ ബജറ്റും വാർഷിക കർമ്മപദ്ധതിയും അന്തിമമായി ജില്ലാ തലത്തിൽ അംഗീകരിച്ചു കഴിഞ്ഞാൽ ഓരോ അർദ്ധവർഷത്തിൽ/മാസത്തിൽ സാധന സാമഗ്രികൾ/വിദഗ്ദ, അർദ്ധവിദഗ്ദ തൊഴിലാളികൾ എന്നിവ ഉപയോഗിച്ച് നിർവ്വഹിക്കേണ്ട പദ്ധതികളുടെ മുൻഗണന, പഞ്ചായത്തിൽ ഇതിനായി നിയോഗിച്ച സബ്കമ്മിറ്റി നിശ്ചയിക്കേണ്ടതാണെന്ന് മേൽ ഉത്തരവിൽ നിഷ്കർഷിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്ത് പ്രവൃത്തികൾ അംഗീകരിച്ച് കഴിഞ്ഞാൽ ഉടനെ പ്രവത്തികളുടെ വിശദമായ എസ്റ്റിമേറ്റ്, ഇതിനായി നിയോഗിക്കപ്പെട്ട എഞ്ചിനീയറിംഗ് വിംഗ് തയ്യാറാക്കേണ്ടതും, ഓരോ പ്രവൃത്തിക്കും ആവശ്യമായ സാധനങ്ങളുടേയും മനുഷ്യദിനങ്ങളുടേയും അളവ്/എണ്ണം എന്നിവ ഈ എസ്റ്റിമേറ്റ് അടിസ്ഥാനപ്പെടുത്തി കണക്കാക്കേണ്ടതുമാണെന്നും ഉത്തരവിൽ നിഷ്കർഷിക്കുന്നു. ഈ രണ്ട് നടപടികളും പൂർത്തീകരിക്കുമ്പോൾ ഓരോ മാസവും ആവശ്യമായ സാധനങ്ങളുടേയും മനുഷ്യ ദിനങ്ങളുടേയും വ്യക്തമായ കണക്ക് ലഭിക്കുന്നതാണ്. സാധനങ്ങളുടെ ആവശ്യകത കണക്കാക്കിയതിനു ശേഷം ഇവ ആറുമാസകാലയളവിലേക്ക് വിതരണം ചെയ്യുന്നവരെ തെരെഞ്ഞടുക്കുന്നതിന്, അവശ്യമായ പരസ്യം നല്കി ക്വട്ടേഷൻ/ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതും വിതരണക്കാരെ തെരെഞ്ഞെടുക്കേണ്ടതുമാണ്. കൂടുതൽ മത്സരക്ഷമതയുള്ള ടെണ്ടർ ലഭിക്കുന്നതിന് ഇ ടെണ്ടർ നടപടികൾ സ്വീകരിക്കാവുന്നതുമാണ്. ഓരോ മാസവും വിതരണം ചെയ്യേണ്ട സാധനങ്ങളുടെ അളവ്, സ്ഥലം, സ്പെസിഫിക്കേഷൻ, തീയതി

തുടങ്ങിയ കാര്യങ്ങൾ സെക്രട്ടറി, ആ മാസം തുടങ്ങുന്നതിനുമുമ്പുള്ള ഒരാഴ്ചയ്ക്കകം തന്നെ തെരെഞ്ഞെടുത്ത സ്ഥാപനങ്ങളെ അറിയിക്കേണ്ടതും, സാധനങ്ങൾ വിതരണം ചെയ്താൽ എഞ്ചിനീയർ അവ ഏറ്റുവാങ്ങി അളവെടുക്കേണ്ടതുമാണ്. വളരെ സുതാര്യമായതും പരമാവധി സാമ്പത്തിക മെച്ചം ലഭിക്കുന്നതുമായ മേൽ നടപടിക്രമം സ്വീകരിക്കാതെ, ഓരോ പ്രവൃത്തിക്കും ആവശ്യമായ സാധനങ്ങൾ പ്രത്യേകമായി ഒരു കരാറുകാരിൽ നിന്നും എസ്റ്റിമേറ്റ് നിരക്കിൽ വാങ്ങിയത് ശരിയായ നടപടിയല്ല. അർദ്ധ വർഷത്തിൽ ആവശ്യമായ മൊത്തം സാധനങ്ങൾ വിതരണം ചെയ്യുന്നതിന് ടെണ്ടർ ക്ഷണിക്കുമ്പോൾ ക്വാറി ഉടമകൾ/അംഗീകൃത ഏജൻസികൾ ഓരോ ഇനത്തിനും ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്യാൻ സാധ്യതയുണ്ടെന്നിരിക്കെ, ഈ സാധ്യത പരിഗണിക്കാത്തത് വിശദീകരിക്കപ്പെടേണ്ടതുണ്ട്.

2) ഓഡിറ്റ് വർഷം 101 റോഡ് കോൺക്രീറ്റ് പ്രവർത്തികൾ നിർവ്വഹണം നടത്തിയിട്ടുണ്ട്. ഇവയുടെ മെറ്റീരിയൽ ഇറക്കിയ വകയിൽ കോൺട്രാക്ടർമാർക്ക് തുക നൽകിയ ബില്ലുകളിൽ നിന്നും ജി.എസ്.ടി, ഐ.ടി. ഇനത്തിൽ തുകകൾ ഈടാക്കിയിട്ടില്ല.

അപാകതകൾ വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/21 /10.6.22) മറുപടി നൽകിയിട്ടില്ല. തൊഴിലുറപ്പ് പദ്ധതി കാര്യക്ഷമമായും സുതാര്യമായും നടക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-7 ലോഡ്ജിംഗ് ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് പാർപ്പിടാവശ്യങ്ങൾക്കുള്ള നികുതി നിർണ്ണയിച്ചു - വരുമാന നഷ്ടം സംഭവിക്കുന്നു

2011 -ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്ത് നികുതി നിരക്കുകൾ നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ലോഡ്ജുകൾക്ക് 30/- രൂപയാണ് പഞ്ചായത്ത് പരിധിയിൽ നികുതി നിശ്ചയിച്ചിരിക്കുന്നത്. തൻവർഷത്തെ ന്യൂ ബിൽഡിങ് രജിസ്റ്റർ, സഞ്ചയ പ്രകാരമുള്ള വസ്തു നികുതി പത്രിക (ഫോറം-6) എന്നിവ പരിശോധിച്ചപ്പോൾ, ശ്രീ.കാഞ്ഞിരക്കുന്നുമ്മൽ നാസർ, എന്നയാളുടെ ഉടമസ്ഥതയിലുള്ള 3/187A1 മുതൽ 3/187E വരെ നമ്പർ ഉള്ള ക്വാർട്ടേഴ്സ്/ലോഡ്ജിംഗ് ആവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക്, പാർപ്പിടാവശ്യങ്ങൾക്ക് നിർണ്ണയിച്ചിട്ടുള്ള നികുതിയാണ് കണക്കാക്കിയിട്ടുള്ളത് എന്നു കാണുന്നു. നികുതിദായകൻ സ്വന്തം ആവശ്യത്തിന് പാർപ്പിടമായി ഉപയോഗിക്കുന്ന കെട്ടിടത്തിന് മാത്രമേ പാർപ്പിടാവശ്യത്തിനുള്ള നികുതി നിരക്ക് കണക്കാക്കാൻ നിർവ്വാഹമുള്ളൂ. ക്വാർട്ടേഴ്സ് ആയതിനാൽ അവയ്ക്ക് ലോഡ്ജിന്റെ നിരക്കിലായിരുന്നു (ച.മീറ്ററിന് 4 രൂപയ്ക്ക് പകരം ച.മീറ്ററിന് 30 രൂപ) നികുതി കണക്കാക്കേണ്ടിയിരുന്നത്.

പഞ്ചായത്ത് പരിധിയിലുള്ള ഇത്തരം കെട്ടിടങ്ങളിൽ നിന്നും കൂടിയ നിരക്കിൽ നികുതി ഈടാക്കി വരുമാന വർദ്ധനവ് ഉണ്ടാക്കാൻ സാധിക്കുമായിരുന്നു. തനത് വരുമാനം നഷ്ടമാക്കുന്ന ഈ നടപടിയിൽ

ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ അടിയന്തിര ഇടപെടലും തുടർനടപടികളും പ്രതീക്ഷിക്കുന്നു. മേൽ കെട്ടിടങ്ങളുടേയും ഇതേ രീതിയിലുള്ള മറ്റ് കെട്ടിടങ്ങളുടേയും നികുതി നിർണ്ണയം പുനപരിശോധിച്ച് നികുതി വർദ്ധന ഉറപ്പാക്കേണ്ടതാണ്. നടപടി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-8 തൊഴിൽ നികുതി അപാകതകൾ

(1) രജിസ്റ്ററുകൾ തയ്യാറാക്കുന്നതിലെ അപാകതകൾ

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205 ഐ പ്രകാരം, ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഡിമാൻഡ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കിയ ട്രേഡേഴ്സ് ലിസ്റ്റിൽ നിന്നും വിവരങ്ങൾ ചേർത്താണ് ഇപ്രകാരം ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കേണ്ടത്. ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമല്ലാത്തതിനാൽ 2020-21 സാമ്പത്തിക വർഷത്തെ കച്ചവടക്കാരുടെ തൊഴിൽ നികുതി ഇനത്തിലെ ഡിമാന്റ്, കളക്ഷൻ എന്നിവയുടെ കൃത്യത ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല

(2)മുഴുവൻ വാണിജ്യ കെട്ടിടങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.

സഞ്ചയ അസസ്മെന്റ്, ഡിമാന്റ് എന്നിവ പ്രകാരം ഓഡിറ്റ് വർഷത്തിൽ 1266 കെട്ടിടങ്ങൾ വാണിജ്യപരമായ ആവശ്യങ്ങൾക്ക് നികുതി നിർണ്ണയിക്കപ്പെട്ടവയാണ്. 2020-21 വർഷത്തിൽ മരുതോങ്കര ഗ്രാമപഞ്ചായത്തിൽ 21 വാണിജ്യ കെട്ടിടങ്ങൾക്ക് വേക്കൻസി റെമിഷൻ അനുവദിച്ചിട്ടുണ്ട്. അതായത് 1245 കെട്ടിടങ്ങളിൽ വിവിധ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനുള്ള സാധ്യത നിലനിൽക്കുന്നു. ഓഡിറ്റ് വർഷത്തെ ലൈസൻസ് രജിസ്റ്റർ പ്രകാരം 226 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുകയും തൊഴിൽ നികുതി ഈടാക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭിച്ച കണക്കുകൾ പ്രകാരം ആകെ അനുവദിക്കപ്പെട്ട ലൈസൻസുകൾക്കായി ഉപയോഗപ്പെടുത്തിയ കെട്ടിടങ്ങളുടെ എണ്ണം 265 ആണ്. അവശേഷിക്കുന്ന 980 കെട്ടിടങ്ങളിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനുള്ള സാധ്യത നിലനില്ക്കുന്നു. പരാമർശിച്ചിട്ടുള്ള മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-9 വ്യവസായങ്ങൾക്കും വ്യാപാര-ഫാക്ടറി സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് അപാകതകൾ

സംരംഭക ലൈസൻസ് – മുൻവർഷങ്ങളിലെ അപാകതകൾ ആവർത്തിക്കുന്നു.

ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമായ കണക്കുകൾ പ്രകാരം 31.03.2021 വരെ വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള 1266 (21 വേക്കൻസി റെമിഷൻ) കെട്ടിടങ്ങൾ

ഉണ്ടായിരിക്കെ 2020-21 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ 226 പേർ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. ഇത് കാരണം പഞ്ചായത്തിന് വരുമാനനഷ്ടം സംഭവിക്കുന്നു. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന ബാക്കി സ്ഥാപനങ്ങളെ വാർഡ് തലത്തിൽ പരിശോധന നടത്തി കണ്ടെത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. വാണിജ്യ-വ്യാവസായികാവശ്യത്തിന് നമ്പർ നിർണ്ണയിച്ചിട്ടുള്ള 1266 ഡിമാന്റുകൾ ഉണ്ടെന്നിരിക്കെ 265 (21 വേക്കൻസി റെമിഷൻ) ഡിമാന്റുകൾ മാത്രമാണ് ലൈസൻസ് പരിധിയിൽ വന്നിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് 2019-20 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നുവെങ്കിലും അപാകത പരിഹരിക്കുന്നതിനുള്ള ക്രിയാത്മക നടപടികൾ സ്ഥാപനം കൈക്കൊണ്ടതായി കാണുന്നില്ല.

അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നം-12/2020-21തി-10.06.2022). അപാകത പരിഹരിക്കുന്നതിന് ഗ്രാമപഞ്ചായത്തിലെ മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് എടുപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഫലപ്രദമായ ഇടപെടലുകൾ നടത്തേണ്ടതുമാണ്.

1-10 മുഴുവൻ റോഡുകളുടെയും വിവരങ്ങൾ സഞ്ചയ സോഫ്റ്റ്വെയറിൽ അപ്ലോഡ് ചെയ്തില്ല-നികുതി നഷ്ടം

സെക്രട്ടറിയുടെ ലോഗിനിൽ നിന്ന് പരിശോധിച്ചത് പ്രകാരം സഞ്ചയ സോഫ്റ്റ്വെയറിൽ പഞ്ചായത്തിലെ 208 റോഡുകളുടെ പേരുവിവരം മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. നികുതി നിർണ്ണയിക്കുമ്പോൾ ഓരോ വാർഡിലേയും മുഴുവൻ റോഡുകളുടെയും പേരുകൾ ഫീൽഡിൽ ഓപ്ഷനായി വരുന്നില്ല. ഇത്തരം സാഹചര്യത്തിൽ നികുതി നിർണ്ണയം നടത്തുന്ന ക്ലാർക്കുമാർ 'മറ്റുള്ളവ' എന്ന് ഓപ്ഷൻ തെരെഞ്ഞെടുക്കുകയും അവിടെ റോഡിന്റെ പേര് മാന്വലായി രേഖപ്പെടുത്തുകയുമാണ് ചെയ്തു വരുന്നത്. ഇതിനു താഴെയായി വരുന്ന റോഡിന്റെ തരം എന്ന ഫീൽഡിൽ നാലു ഓപ്ഷനുകൾ വരുന്നുണ്ട്. വീതി അഞ്ച് മീറ്ററിന് മുകളിൽ, ഒന്നര മീറ്ററിനും അഞ്ച് മീറ്ററിനും ഇടയിൽ, ഒന്നര മീറ്ററിൽ കുറവ്, പൊതുവഴി ഇല്ലാത്തത് എന്നിവയാണ് ഈ ഓപ്ഷനുകൾ. നികുതി നിർണ്ണയം നടത്തുന്ന ജീവനക്കാർ, ആദ്യ ഫീൽഡിൽ രേഖപ്പെടുത്തിയ റോഡ്, മേല്പറഞ്ഞതിൽ ഏതു തരമാണെന്ന് ഒന്നുകിൽ സ്വയം തീരുമാനിക്കുകയോ, അല്ലെങ്കിൽ സമർപ്പിച്ച സൈറ്റ് പ്ലാനിൽ രേഖപ്പെടുത്തിയ വീതി സ്വീകരിക്കുകയോ ചെയ്യുന്നതായി സഞ്ചയയിൽ കെട്ടിട നമ്പർ അനുവദിച്ച വിവിധ ഫയലുകൾ പരിശോധിച്ചതിൽ വ്യക്തമാവുന്നുണ്ട്. മിക്ക റോഡുകളും ഒന്നര മീറ്ററിനും അഞ്ച് മീറ്ററിനും ഇടയിൽ എന്ന ഓപ്ഷനാണ് തെരഞ്ഞെടുക്കപ്പെടുന്നതെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ഇപ്രകാരം റോഡിന്റെ തരം നിശ്ചയിക്കുന്നത് സ്ഥാപനത്തിന് നികുതി നഷ്ടം സംഭവിക്കുന്നതിന് കാരണമാകുന്നുണ്ടെന്ന് കാണാം. 2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തുനികുതിയും സേവന ഉപനികുതിയും ചട്ടങ്ങൾ, ചട്ടം6, പട്ടിക 2

പ്രകാരം അഞ്ച് മീറ്ററിൽ കൂടിയ റോഡുകളിൽ നിന്ന് പ്രവേശനമുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന നികുതിക്ക് മേൽ 20 ശതമാനത്തിന്റെ വർദ്ധന ഉണ്ടാകും എന്നതാണ് ഇതിന് കാരണം. കൂടാതെ ഒന്നര മീറ്ററിൽ കുറവുള്ള റോഡുകൾ, പൊതുവഴിയില്ലാത്തവ എന്നിവ പ്രസക്തമാകുന്ന കെട്ടിടങ്ങൾക്ക് അടിസ്ഥാന നികുതിയിൽ നിന്നും യഥാക്രമം 10 ശതമാനത്തിന്റേയും 20 ശതമാനത്തിന്റേയും കുറവ് വരുന്നുമുണ്ട്. യഥാർത്ഥത്തിൽ സ്വീകരിക്കേണ്ട അഞ്ച് മീറ്ററിൽ കൂടതലുള്ള റോഡുകൾക്ക് പകരം, അതിൽ താഴെയുള്ള ഇനങ്ങൾ തെരെഞ്ഞെടുക്കുമ്പോൾ 20 ശതമാനത്തോളം നികുതി നഷ്ടം സംഭവിക്കുന്നതായി കാണാം.

സ്ഥാപനത്തിന്റെ ആസ്തി രജിസ്റ്റർ പ്രകാരം 611 റോഡുകൾ സ്ഥാപനത്തിലുണ്ട്. സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയ റോഡുകളിൽ (ആകെ റോഡുകൾ 208) 41 എണ്ണം 5 മീറ്ററിൽ കൂടുതലുള്ളതാണ്. എന്നാൽ ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ 97 റോഡുകൾ ഈ ഗണത്തിൽപ്പെടുന്നതാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യങ്ങൾ പരിഗണിക്കുമ്പോൾ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയ റോഡുകളുടെ വിവരം പൂർണ്ണമല്ല എന്ന് അനുമാനിക്കാവുന്നതാണ്.

അപാകത പരിഹരിക്കുന്നതിന് മുഴുവൻ റോഡുകളുടെയും വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-11 വസ്തു നികുതി നിർണ്ണയത്തിന് ശേഷം കെട്ടിടത്തിൽ രൂപമാറ്റം വരുത്തുന്നു.

ഗ്രാമപഞ്ചായത്തിൽ 2020-21 വർഷത്തിൽ വാണിജ്യാവശ്യത്തിന് നമ്പർ അനുവദിച്ച കെട്ടിടങ്ങളിൽ 10.06.2022 ന് എൽ.എസ്.ജി.ഡി ഓവർസിയറുടെ സാന്നിധ്യത്തിൽ നേരിട്ട് പരിശോധിച്ചതിൽ കെട്ടിട നമ്പർ അനുവദിച്ചതിന് ശേഷം കെട്ടിടങ്ങളിൽ വലിയ തോതിൽ രൂപമാറ്റം വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടു. വിശദ വിവരം ചുവടെ കൊടുക്കുന്നു.

1) കെട്ടിട നമ്പർ4/442ബി-442എസ് വരെ (ഫയൽ നം-എ5-1941/20തി-13.07.2020) കെട്ടിട നമ്പറുകളിലുള്ള ശ്രീമതി.വനജ, പ്രിജേഷ് എന്നിവരുടെ ഉടമസ്ഥതയിലുള്ള കെട്ടിടം കംപ്ലീഷൻ പ്ലാനിൽ നിന്നും വ്യതിചലിച്ച് പാർക്കിംഗിനായി നീക്കി വെച്ച സ്ഥലത്ത് വാഹന ഗതാഗതം തടസ്സപ്പെടുത്തുന്ന രീതിയിൽ ഇരുമ്പ് ഷീറ്റ് സ്ഥാപിച്ചതായി കാണപ്പെട്ടു.

കെട്ടിടത്തിന്റെ ആകെ പ്ലിന്ത് വിസ്തീർണ്ണം-477.73 M2

2)ശ്രീ.അബ്ദുൾസമദ്, മൊയ്തു, ഫസീല, അലി എന്നീ ആളുകളുടെ ഉടമസ്ഥതയിലുള്ള 1/60ബി മുതൽ 1/60എം എന്നീ കെട്ടിട നമ്പറുകളിലുള്ള കെട്ടിടം (എ5-2609/2020തി-15.09.2020) കംപ്ലീഷൻ പ്ലാനിൽ നിന്നും പൂർണ്ണമായി രൂപമാറ്റം വരുത്തിയ അവസ്ഥയിലാണ് നിലവിൽ ഉള്ളത്. തറനിലയിൽ പാർക്കിംഗിനായി നീക്കിവെച്ച സ്ഥലത്ത് അനഃധികൃതമായി അധിക നിർമ്മാണം നടത്തി. തറ

നിലയിലും ഒന്നാം നിലയിലും ശുചീകരണത്തിനായുള്ള ടോയ്‌ലെറ്റുകൾ പൂർണ്ണമായും പൊളിച്ചുമാറ്റി അനധികൃത നിർമ്മാണം നടത്തി.

കെട്ടിടത്തിന്റെ ആകെ പ്ലിന്ത് വിസ്തീർണ്ണം-964.37 M2

അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു. നിയമാനുസൃതം കെട്ടിട നമ്പർ അനുവദിച്ച് കിട്ടിയതിന് ശേഷം കെട്ടിടത്തിന്റെ വിസ്തീർണ്ണം, പാർക്കിംഗ് സ്ഥലം എന്നിവയിൽ രൂപ മാറ്റം വരുത്തുന്നതിലൂടെ കെട്ടിടം അനധികൃത നിർമ്മാണത്തിന്റെ ഗണത്തിൽ ഉൾപ്പെടുന്നു. മുകളിൽ സൂചിപ്പിച്ച കെട്ടിടങ്ങൾക്ക് അനധികൃതമായി നിർമ്മിച്ച ഭാഗങ്ങൾക്ക് U/A നമ്പർ നൽകി അധിക നികുതി ഈടാക്കേണ്ടതാണ്.

1-12 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ വിനിയോഗിക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ പ്രകാരം താഴെപ്പറയുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ/ഫണ്ടുകൾ വിനിയോഗിക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നതായി കാണുന്നു.

| ക്രമ നമ്പർ | ഇനം | 31.3.2021 ലെ നീക്കിയിരിപ്പ് തുക | ലഭിച്ച വർഷം | സൂക്ഷിച്ച അക്കൗണ്ട് |
|---|---|---|---|---|
| 1 | ഖരമാലിന്യ സംസ്കരണം - ഗ്രാന്റ് | 500000 | 2018-19 | കേരള ഗ്രാമീൺ ബാങ്ക് തനത് ഫണ്ട് അക്കൌണ്ട് നം-9614 |
| 2 | ടോട്ടൽ സാനിറ്റേഷൻ ക്യാംപയിൻ | 1638042 | 2012-13 | കേരള ഗ്രാമീൺ ബാങ്ക് തനത് ഫണ്ട് അക്കൌണ്ട് |

| | | | | |
|---|---|---|---|---|
| | | | | നം-9614 |

മേൽ പ്രകാരമുള്ള പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ/ഫണ്ടുകൾ അവയുടെ വിനിയോഗ മാർഗ്ഗ നിർദ്ദേശ പ്രകാരം വിനിയോഗിക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നതിന് വിശദീകരണം നൽകേണ്ടതാണ്.

1-13 ജി എസ് ടി റിട്ടേൺ തയ്യാറാക്കുന്നതിനുള്ള ചെലവ് വഹിക്കുന്നത് ശരിയല്ല

ഓഡിറ്റ് വർഷത്തിൽ ജി എസ് ടി/ഇൻകം ടാക്സ് റിട്ടേൺ തയ്യാറാക്കി ഫയൽ ചെയ്യുന്നതിനായി താഴ പറയും പ്രകാരം 7000/- രൂപ ചെലവഴിച്ചിട്ടുണ്ട്. (വിവിധ ഹെഡ്ഡുകളിൽ ബുക്ക് ചെയ്തതിനാൽ ചെലവിന്റെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല.)

| ക്രമനം | വൗച്ചർ നം | ഇനം | തുക |
|---|---|---|---|
| 1 | 22000430/18.11.20 | GST/ IT E Filing | 5900 |
| 2 | 22000774/6.3.21 | IT Filing | 1100 |
| ആകെ | | | 7000 |

എന്നാൽ ജി എസ് ടി റിട്ടേൺ തയ്യാറാക്കേണ്ടത് ഓഫീസ് ജോലിയുടെ ഭാഗമായി നിർവ്വഹിക്കേണ്ട ജോലിയാണ്. ഇത് പുറമെ നിന്ന് പണം കൊടുത്ത് ചെയ്യുന്നത് പഞ്ചായത്ത് ഫണ്ടിൽ നിന്നുള്ള അനാവശ്യ ചെലവിന് കാരണമായിട്ടുണ്ട്.വളരെ കുറഞ്ഞ ഫീസ് വരുന്ന ഫയലിംഗ് മാത്രമേ കൺസൾട്ടൻസി മുഖേന ചെയ്യേണ്ടതുള്ളൂ. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. വിശദീകരണം നല്കേണ്ടതും തുടർന്നങ്ങോട്ട് ഇത്തരം ചെലവ് ഒഴിവാക്കേണ്ടതാണ്. ചെലവുകളുടെ ആവർത്തനം പഞ്ചായത്ത് ഫണ്ടിന്റെ ദുർവിനിയോഗമായി കാണുന്നതാണ്.

1-14 തനത് ഫണ്ട് ചെലവ് രേഖപ്പെടുത്തൽ-അപാകതകൾ

തനത് ഫണ്ട് ചെലവുകൾ രേഖപ്പെടുത്തുന്നതിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചതായി വൗച്ചർ, ലഡ്ജറുകൾ ജേണൽ ബുക്ക് എന്നിവയിൽ നിന്നും വ്യക്തമാകുന്നു.

എ) ഒരേ ചെലവ് രണ്ട് തവണ ബുക്ക് ചെയ്തു

ബാലവാടി/ശിശുമന്ദിരം ആയ, ടീച്ചർ എന്നിവർക്ക് 2020മാർച്ച് മാസത്തെ ശമ്പളമായ 32000/- രൂപ രണ്ട് പ്രാവശ്യം നല്കിയതായി ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്. 22000004/2.4.20 നമ്പർ വൗച്ചർ പ്രകാരം രേഖപ്പെടുത്തിയ ചെലവ് തന്നെ 8.4.2020ലെ 22000025 നമ്പർ വൗച്ചർ പ്രകാരവും രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. ആദ്യ ചെലവ് SMG ബാങ്കിലെ 15096 നമ്പർ ചെക്ക് പ്രകാരം നിർവ്വഹിച്ചതായി രേഖപ്പെടുത്തിയപ്പോൾ രണ്ടാമത്തെ ചെലവ് ക്യാഷ് ആയി ചെലവിട്ടതായി രേഖപ്പെടുത്തപ്പെട്ടു. എന്നാൽ മേൽ ചെക്കു പ്രകാരം 2.4.20ന് പിൻവലിച്ച 400899 രൂപയിൽ ജീവനക്കാരുടെ അറ്റ ശമ്പളമായ

368899/- രൂപ കഴിച്ച് 32000/- രൂപ ക്യാഷ് ബുക്കിൽ നീക്കിയിരിപ്പായി 8.4.20 വരെ കൊണ്ടുവരികയും അന്നേ ദിവസം ക്യാഷ് ആയി തന്നെ വിതരണം ചെയ്യുകയുമായിരുന്നെന്ന് ബോധ്യപ്പെടുന്നു. അതായത് യഥാർത്ഥ ചെലവ് നടന്നത് 8.4.20ന് ക്യാഷ് ആയിട്ടാണെന്ന് കാണാം. ഇപ്രകാരം ഒരേ ചെലവ് രണ്ട് പ്രാവശ്യം രേഖപ്പെടുത്തിയത് ബാങ്ക് അക്കൗണ്ടുമായി പൊരുത്തപ്പെടുത്തിയത് പണമാക്കാത്ത ചെക്കിന്റെ ലിസ്റ്റിൽ 15096നമ്പർ ചെക്ക് പ്രകാരം 32000/- രൂപയുണ്ടെന്ന് കാണിച്ചാണ്. ഈ ചെക്ക് പ്രകാരം 400899 രൂപയാണ് ചെലവഴിച്ചതെങ്കിലും തുക തെറ്റായി കാണിക്കുകയായിരുന്നു. 2022 മെയ് മാസത്തെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിലും ഈ ചെക്ക് അൺ ക്യാഷ്ഡ് ചെക്ക് എന്ന രീതിയിൽ ഉൾപ്പെടുത്തപ്പെട്ടിട്ടുണ്ട്.

ബി)പദ്ധതി ചെലവുകൾ തനത് റവന്യൂ ചെലവിൽ ഉൾപ്പെടുത്തി

പദ്ധതി ചെലവുകൾ തനത് റവന്യൂ ചെലവ് ഹെഡ്ഡുകളിൽ രേഖപ്പെടുത്തിയതായി കാണുന്നു. മരുതോങ്കര ജി എൽ പി സ്കൂളിന്റെ മേൽക്കൂര ഷീറ്റിടുന്നതിനായി പ്രോജക്ട് നം 88 പ്രകാരം 99944/- രൂപ വിനിയോഗിച്ചത് 230509901 Repairs & Maintenance -Other Fixed Assets എന്ന ഹെഡ്ഡിലാണ് രേഖപ്പെടുത്തിയത്. ഇത് യഥാർത്ഥത്തിൽ ബുക്ക് ചെയ്യേണ്ടിയിരുന്നത് 255 -ൽ ആരംഭിക്കുന്ന മെയിന്റനൻസ് പ്രോജക്ടുകളുടെ ചെലവ് ഹെഡ്ഡിലായിരുന്നു. ഇതുപോലെ ആർദ്രം മിഷന്റെ ഭാഗമായി പ്രോജക്ട് നമ്പർ 99 പ്രകാരം മെഡിക്കൽ പ്രൊഫഷണലുകളെ നിയമിച്ച് ശമ്പളം നല്കിയത് 210200207 Honorariums To Permanent/Temporary Staff എന്ന ഹെഡ്ഡിലാണ് രേഖപ്പെടുത്തിയത്. ഇത് യഥാർത്ഥത്തിൽ 251 ൽ ആരംഭിക്കുന്ന സേവനമേഖലയിലെ പ്രോജക്ട് ചെലവ് ഹെഡ്ഡിലായിരുന്നു ബുക്ക് ചെയ്യേണ്ടിയിരുന്നത്.

സി) ഹെഡ്ഡ് മാറി ചെലവ് രേഖപ്പെടുത്തുന്നു

ചെലവുകൾ ഹെഡ്ഡ് മാറി രേഖപ്പെടുത്തിയാതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 04-9-2020 ലെ 22000286 നമ്പർ വൗച്ചർ പ്രകാരമുള്ള 17626/- രൂപയുടെ വോട്ടേഴ്സ് ലിസ്റ്റ് പ്രിന്റിംഗ് ചാർജ്ജ് 220700101 Election Expenses എന്ന ഹെഡ്ഡിൽ ഉൾപ്പെടുത്തുന്നതിന് പകരം 220210101 Printing Charges എന്ന ഹെഡ്ഡിൽ ഉൾപ്പെടുത്തിയത് ഒരുദാഹരണമാണ്.

ഡി) ജേണൽ എൻട്രികൾക്ക് വൗച്ചർ സൂക്ഷിക്കുന്നില്ല

ജേണൽ എൻട്രികൾക്ക് വൗച്ചർ സൂക്ഷിക്കുന്നില്ല. അതുകൊണ്ട് തന്നെ ഈ രേഖപ്പെടുത്തലുകളുടെ ആധികാരികത ഉറപ്പുവരുത്താനാകുന്നില്ല, പ്രത്യേകിച്ച് കറക്ഷൻ എൻട്രികളുടെ കാര്യത്തിൽ.

ചെലവുകൾ രേഖപ്പെടുത്തിയതിലെ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. വിശദീകരണം നല്കേണ്ടതാണ്. ഇവ അക്കൗണ്ടുകളിലെ അപാകതകളുടെ ഭാഗമാകുന്നതാണ്.

1-15 ടെണ്ടറിൽ മത്സരക്ഷമതയില്ല

2020-21 വർഷത്തിൽ 24 പ്രവൃത്തികൾ ടെണ്ടർ ചെയ്തതിൽ 4 എണ്ണത്തിൽ മാത്രമാണ് പങ്കാളിത്തമുണ്ടായിട്ടുള്ളത്. ഈ നാല് പ്രവൃത്തികളിലും എസ്റ്റിമേറ്റ് നിരക്ക് ക്വാട്ട് ചെയ്ത അത്തോളി ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയാണ് നിർവ്വഹിച്ചിട്ടുള്ളത്. പ്രസ്തുത ടെണ്ടറുകളിൽ പങ്കെടുത്ത കൈരളി ലേബർ കോൺട്രാക്ടേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി എസ്റ്റിമേറ്റിൽ അധികരിച്ച നിരക്കാണ് ക്വാട്ട് ചെയ്തിട്ടുള്ളത്. ഈ രണ്ട് സ്ഥാപനങ്ങൾ ഒഴികെ മറ്റ് 20 ടെണ്ടറുകളിലും പങ്കാളിത്തമുണ്ടായിട്ടില്ല. മേൽ പ്രവൃത്തികൾ ക്വട്ടേഷൻ നടപടികളിലൂടെ എസ്റ്റിമേറ്റ് നിരക്കിലാണ് നിർവ്വഹിച്ചിട്ടുള്ളത്. 2020-21 വർഷത്തിൽ നിർവ്വഹണം നടത്തിയ 98 പദ്ധതികളിൽ 87 പദ്ധതികളുടെയും അടങ്കൽതുക 500000 ൽ താഴെയായിരുന്നു. എന്നാൽ ഈ-ടെണ്ടർ നടപടി സ്വീകരിച്ച മൊയിലോത്ര ചുണ്ടക്കുന്ന് കൽവെർട്ട് പ്രവൃത്തിയുടെ ടെണ്ടറിൽ 5 പേർ പങ്കെടുക്കുകയും എസ്റ്റിമേറ്റ് നിരക്കിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്. ടെണ്ടറിനെ അപേക്ഷിച്ച് ഇ-ടെണ്ടർ ഫലപ്രദമായിരുന്നെന്ന് മേൽ ഉദാഹരണത്തിൽ നിന്നും വ്യക്തമാണ്.

ടെണ്ടറുകളിലെ മത്സരക്ഷമത ഇല്ലാതാക്കാൻ കരാറുകാർ ബോധപൂർവ്വം ശ്രമിക്കുകയാണെന്ന് വ്യക്തമായിട്ടും ഇത് ഇല്ലായ്മ ചെയ്യാൻ യാതൊരു ശ്രമവും സ്ഥാപനം നടത്തിയിട്ടില്ല.ഇത്തരം കരാറുകാരെ ബ്ലാക്ക് ലിസ്റ്റ് ചെയ്യാവുന്നതായിരുന്നു. കൂടാതെ ഇ ടെണ്ടർ മറ്റൊരു ബദൽമാർഗ്ഗമായിട്ടും ഒന്നൊഴികെ മറ്റൊരു പ്രവൃത്തിപോലും ഈ രീതിയിൽ കൈമാറിയില്ല എന്നത് വീഴ്ചയാണ്. വെറുമൊരു നടപടിയെന്ന രീതിയിൽ ടെണ്ടർ നടത്തിയെന്നല്ലാതെ ഇക്കാര്യത്തിൽ ഉദ്ദേശിച്ച ഫലപ്രാപ്തി ഉറപ്പാക്കാത്തതിന് വിശദീകരണം നല്കേണ്ടതാണ്. നിർബന്ധിത ഇ-ടെണ്ടർ നടപടി ഒഴിവാക്കുന്നതിന് സ്ഥാപനം ബോധപൂർവ്വം ശ്രമിച്ചതായും വ്യക്തമാണ്. 2020-21 വർഷത്തിൽ ആസൂത്രണം ചെയ്ത 98 പദ്ധതികളിൽ 87 പദ്ധതികളുടെയും അടങ്കൽ തുക 5 ലക്ഷത്തിൽ താഴെയായിരുന്നു. ഇതിൽ തന്നെ 12 പദ്ധതികളുടെ അടങ്കൽ 490000 രൂപയായി നിജപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. മേൽ 12 പദ്ധതികളുടെ എസ്റ്റിമേറ്റ് പരിശോധിച്ചതിൽ നിന്നും പദ്ധതി ഭാഗികമായാണ് ആസൂത്രണം ചെയ്തിട്ടുള്ളത് എന്ന് വ്യക്തമായിട്ടുണ്ട്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. ടെണ്ടറുകളിൽ മത്സര സ്വഭാവം ഉറപ്പ് വരുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

1-16 റോഡ് ടാറിംഗ്- കൂടുതൽ ഗുണമുള്ളതും ചെലവ് കുറഞ്ഞതുമായ ഇനം തെരെഞ്ഞെടുത്തില്ല

സ്ഥാപനത്തിൽ ഓഡിറ്റ് വർഷത്തിൽ നിർവ്വഹിക്കപ്പെട്ട റോഡ് ടാറിംഗ് പ്രവൃത്തികൾക്ക് പൂർണ്ണമായും ഉപയോഗപ്പെടുത്തിയ ഇനം 20mm ചിപ്പിംഗ് കാർപ്പറ്റ് ആണ്. മോർഡ് സ്പെസിഫിക്കേഷനിൽ ഗ്രാമീണ റോഡുകൾക്ക് ഉപയോഗപ്പെടുത്താവുന്ന പ്രധാനപ്പെട്ട രണ്ടിനങ്ങളിൽ

ഒന്ന് മേൽപറഞ്ഞതും മറ്റൊന്ന് MSS(Mixed Seal Surfacing) മാണ്. ആദ്യത്തേത് ഓപ്പൺ ഗ്രേഡഡ് ആയതിനാൽ ഇതിനുമുകളിൽ സീൽ കോട്ട് എന്ന മറ്റൊരിനം കൂടി നിർവ്വഹിച്ചാലാണ് ടാറിംഗ് പ്രവൃത്തി പൂർത്തിയാകുക. എന്നാൽ രണ്ടാമത്തേത് ക്ലോസ് ഗ്രേഡഡ് ആയതിനാൽ ഇതിനു മുകളിൽ മറ്റൊരു സീൽ കോട്ട് ആവശ്യമില്ല. ഇത് കൊണ്ട് തന്നെ കൂടുതൽ ചെലവേറിയ ഇനം 20mm ചിപ്പിംഗ് കാർപ്പറ്റ് ആണെന്ന് കാണാം. ഓപ്പൺ ഗ്രേഡഡ് ആയ 20mm ചിപ്പിംഗ് കാർപ്പറ്റിന് ടാക്ക് കോട്ടിന് മുകളിൽ രണ്ടിനങ്ങൾ നിർവ്വഹിക്കേണ്ടതുണ്ട്. ഒന്ന് ചിപ്പിംഗ് കാർപ്പെറ്റും മറ്റേത് സീൽ കോട്ടുമാണ്. യഥാക്രമം 153.03 രൂപയും 60.63 രൂപയും നിരക്കിൽ ഇത് രണ്ടിനും കൂടി എം സ്ക്വയർ ചെയ്യാൻ ആകെ 213.66 രൂപ ചെലവ് വരുന്നുണ്ട്. എന്നാൽ MSS (Mixed Seal Surfacing) സീൽ കോട്ട് ഉൾപ്പടെ ചെയ്യുന്നതിനാൽ ഈ ഒരിനം മാത്രമാണ് ടാക്ക് കോട്ടിന് മുകളിൽ ചെയ്യുന്നത്. ഇതിന്റെ നിരക്ക് എം സ്ക്വയറിന് (മെക്കാനിക്കൽ) 161.97/- രൂപ മാത്രമാണ്. അതായത് 20mm ചിപ്പിംഗ് കാർപ്പറ്റ് നിർവ്വഹിക്കുമ്പോൾ എം സ്ക്വയറന് 51.69 രൂപ അധിക ചെലവ് വരുന്നുണ്ടെന്ന് കാണാം.

മിക്സഡ് സീൽ സർഫസ് (MSS)എന്ന രണ്ടാമത്തെ ഇനത്തിന്റെ മറ്റൊരു പ്രധാന പ്രത്യേകത ഇതിന്റെ പേവിംഗ് നിർവ്വഹിക്കേണ്ടത് ഒരു മെക്കാനിക്കൽ പേവർ (Mechanical Paver) ഉപയോഗിച്ചായിരിക്കണമെന്നതാണ്. 2020-21 വർഷത്തിൽ നിർവ്വഹണം നടത്തിയ ഭൂരിഭാഗം റോഡുകളുടെയും വീതി 4.5 മീറ്ററിൽ അധികമായിരുന്ന എന്നത് മെക്കാനിക്കൽ പേവ്മെന്റിന്റെ സാധ്യത വർദ്ധിപ്പിക്കുന്നു. (മോർഡ് സ്പെസിഫിക്കേഷൻ, സെക്ഷൻ 507.3 പ്രകാരമുള്ള Construction Operations കാണുക) എന്നാൽ 20mm ചിപ്പിംഗ് കാർപ്പറ്റിന്റെ കാര്യത്തിൽ Construction Operations 506.2.4.6 പ്രകാരമുള്ളതാണ്. ഇത് പ്രകാരം പേവിംഗിൽ കനവും ഗ്രേഡും ക്രോസ് ഫാളും ഉറപ്പാക്കുന്നതരത്തിൽ മിക്സ് ഏകീകൃതമായി നിരത്താനാണ് നിർദ്ദേശിച്ചിരിക്കുന്നത്. അതായത് ഇവിടെ പേവിംഗ് നിർവ്വഹിക്കുന്നത് മനുഷ്യശേഷി വിനിയോഗിച്ചാണെന്ന് കാണാം. ഈ രണ്ട് രീതികളും അവലംബിക്കുമ്പോൾ നിർമ്മാണശേഷം റോഡിന്റെ പ്രതലത്തിൽ അനുവദിക്കാവുന്ന പരമാവധി നിമ്നോന്നത (Undulations) മോർഡ് സ്പെസിഫിക്കേഷന്റെ ഗുണനിലവാരം സംബന്ധിച്ച് വിശദമാക്കുന്ന സെക്ഷൻ 1800ൽ പ്രതിപാദിച്ചിട്ടുണ്ട്. വിവിധ നിർമ്മിതികളിൽ (സബ് ബേസ്,ബേസ് മുതലായവ) അനുവദിക്കാവുന്ന സർഫസ് ലെവലിലെ പരാമാവധി ടോളറൻസ് 1802.2 നമ്പർ ടേബിളിൽ വിശദമാക്കിയിട്ടുണ്ട്. ഇത് പ്രകാരം മെഷീൻ ഉപയോഗിച്ച് പേവിംഗ് നടത്തുന്ന പ്രീ മിക്സ് ചിപ്പിംഗ് കാർപ്പറ്റ്, MSS എന്നീ ഇനങ്ങളിൽ പരാമാവധി ടോളറൻസ് (Tolerance) കൂടിയത് + 6mmഉം കുറഞ്ഞത് -6 Mmമാണ്. അതായത് പരാമാവധി അനുവദിക്കാവുന്ന ഉയർന്നതും താഴ്ന്നതുമായ നിമ്നോന്നത(undulations) മേൽ പറഞ്ഞ അളവുകൾക്കിടയിലുള്ളതാണെന്ന് കാണാം. എന്നാൽ മാനുവൽ രീതിയിൽ പേവിംഗ് നടത്തുമ്പോൾ ഇത് പരാമാവധി +10mmഉം -10 Mm ഇടയിലാണെന്ന് കാണാം. ഇപ്രകാരമുള്ള ഉയർന്ന

നിമ്നോന്മത (Undulations) സുഗമമായ യാത്രയ്ക്ക് തടസ്സമാകും. കൂടാതെ മെക്കാനിക്കൽ പേവർ ഉപയോഗിക്കുമ്പോൾ നിർമ്മിതിയിൽ തന്നെ പ്രതലത്തിന്റെ ലെവൽ പരമാവധി ഉറപ്പാക്കപ്പെടുന്നതാണ്. എന്നാൽ മാന്വലായി നിർമ്മിക്കുമ്പോൾ മേൽ പറഞ്ഞ പരമാവധി ടോളറൻസ് (Tolerance) ആയ +10mmഉം -10 Mm ഇടയിലാണ് നിർമ്മാണം നടന്നതെന്ന് ഒരു സംവിധാനവും നിലവിൽ ഉറപ്പാക്കുന്നില്ല. ഇത് കൊണ്ട് തന്നെ ഇത്തരം റോഡുകളിൽ നിമ്നോന്മത (Undulations) അനുവദിച്ചതിലും വളരെ കൂടുതൽ വരുന്ന അവസ്ഥാ വിശേഷമുണ്ട്.

മാന്വൽ പേവിംഗ് രീതിയെ അപേക്ഷിച്ച് ചെലവ് കുറവുള്ളതും നിമ്നോന്നത കുറയുന്നതിനാൽ വാഹനഗതാഗതം സുഗമമാക്കുന്നതുമായ MSS എന്ന രീതി പഞ്ചായത്തിലെ റോഡുകളിൽ അവലംബിക്കാത്തത് വിശദീകരിക്കേണ്ടതാണ്.

1-17 കരാർ ചമയ്ക്കുന്നതിൽ കാലതാമസം -പിഴ ഈടാക്കിയില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 വർഷത്തിൽ നടപ്പാക്കിയ കക്കുടാരം -ഉവാട്ടപൊയിൽ റോഡ് പ്രവൃത്തിയുടെ (205/20-21) കരാറുകാരനായ ശ്രീ.ശങ്കരൻ വി.പി എന്നവർക്ക് 18-10-2019 തിയ്യതിയിൽ സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്. എന്നാൽ കരാർ ചമച്ചിരിക്കുന്നത് 11.11.2019 തിയ്യതിയിലാണ്. സെലക്ഷൻ നോട്ടീസ് നൽകി 24 ദിവസത്തിന് ശേഷമാണ് കരാർ ചമച്ചിട്ടുള്ളത്.

കേരള പി.ഡബ്ല്യു.ഡി. മാന്വൽ ജി.ഒ.(പി)13/12/പി.ഡബ്ല്യു.ഡി. തീയതി 01.02.2012 സെക്ഷൻ 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനകം കരാർ ചമക്കേണ്ടതാണ്. കരാർ ചമച്ചില്ലെങ്കിൽ 1% പിഴയോടു കൂടി 10 ദിവസം കൂടി അനുവദിക്കാവുന്നതാണ്. മേൽ സാഹചര്യത്തിലും കരാറുകാരനിൽ നിന്നും പിഴ ഈടാക്കാത്തതിന്റെ കാരണം വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല.

സാങ്കേതിക അനുമതി പ്രകാരം 6 മാസത്തെ പൂർത്തീകരണ കാലമുള്ള മേൽ പദ്ധതിയുടെ കരാർ ചമച്ചിരിക്കുന്നത് 11.11.2019 തിയ്യതിയിലാണ്. ഇക്കാരണത്താൽ പൂർത്തീകരണ കാലം സാമ്പത്തിക വർഷത്തിന് പുറത്ത് കടക്കുകയും പദ്ധതി സ്പിൽഓവറാവുകയും ചെയ്തിട്ടുണ്ട്. നിർവ്വഹണ കലണ്ടർ തയ്യാറാക്കി ആയതിനനുസൃതമായി പദ്ധതി നിർവ്വഹിക്കപ്പെടുന്നുണ്ടെന്നത് ഉറപ്പ് വരുത്തേണ്ട വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലാ നിർവ്വഹണത്തിലെ വീഴ്ചയും അപാകതക്ക് കാരണമായിട്ടുണ്ട്. സെലക്ഷൻ നോട്ടീസ് പ്രകാരം പിഴ ഇല്ലാതെ എഗ്രിമെന്റ് വെക്കാനുള്ള അവസാന തീയതിയായ 01.11.2019 ന് ശേഷമാണ് കരാർ ചമച്ചിട്ടുള്ളത്. കരാർ തുകയായ 490000/- രൂപയുടെ ഒരു ശതമാനമായ 4900/- രൂപ പിഴ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-18 റോഡ് പ്രവൃത്തികൾ പൂർണ്ണമായി ആസൂത്രണം ചെയ്യുന്നില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 വർഷത്തിൽ നടപ്പാക്കിയ പദ്ധതികൾ പരിശോധിച്ചതിൽ നിന്നും ആസ്തി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിന് ആവശ്യമായ ഇനങ്ങൾ ഉൾക്കൊള്ളിച്ച് സമഗ്രമായ എസ്റ്റിമേറ്റ് തയ്യാറാക്കാതെ ഭാഗികമായി നിർവ്വഹിക്കുന്ന സ്ഥിതിവിശേഷം നിലവിലുള്ളതായി കാണുന്നു. രണ്ട് ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. മരുതോങ്കര ജി.എൽ.പി.എസ് -നെല്ലിപറമ്പത്ത് റോഡ്

2019-20 വർഷത്തിൽ ആസൂത്രണം ചെയ്തിട്ടുള്ളതും 2020-21 വർഷത്തിൽ സ്പിൽ ഓവറായി തുടർന്നതുമായ മേൽ പദ്ധതി പ്രകാരം 212.7 മീറ്ററിൽ ടാറിംഗ് നിർവ്വഹിച്ചിട്ടുണ്ട്. മേൽ റോഡിൽ 2017-18 വർഷത്തിൽ തൊഴിലുറപ്പ് പദ്ധതി മുഖേന 625 മീറ്റർ നീളത്തിൽ സോളിംഗ് വരെയുള്ള പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളതാണ്. 10.06.22 തിയ്യതിയിൽ സൈറ്റ് പരിശോധന നടത്തിയതിൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം സോളിംഗ് നിർവ്വഹിച്ചിട്ടുള്ളതും ടാറിംഗ് ചെയ്യാൻ അവശേഷിക്കുന്നതുമായ ഭാഗം സോളിംഗ് നശിച്ച നിലയിലാണുള്ളത്. സോളിംഗ് നടത്തി 5 വർഷകാലമായിട്ടും റോഡ് ടാറിംഗ് പ്രവൃത്തി പൂർണ്ണമായും ഉൾപ്പെടുത്താതെ ഭാഗികമായി പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കിയതിന്റെ കാരണം വ്യക്തമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല.

2. കനാൽ വി.ടി മുക്ക് റോഡ്

2015-16 വർഷത്തിൽ MPLADS ഫണ്ട് ഉപയോഗപ്പെടുത്തി 340 മീറ്റർ നീളത്തിൽ സോളിംഗ് പ്രവൃത്തി പൂർത്തീകരിച്ച മേൽ റോഡിന്റെ 285 മീറ്റർ നീളത്തിൽ ടാറിംഗ് പ്രവൃത്തി നിർവ്വഹിച്ചിട്ടുണ്ട്. സോളിംഗ് പൂർത്തീകരിച്ച് ഏഴ് വർഷം പൂർത്തീകരിച്ചിട്ടും ടാറിംഗ് പ്രവൃത്തികൾ 55 മീറ്റർ നീളത്തിൽ ടാർ ചെയ്യുന്നതിന് പഞ്ചായത്ത് ശ്രദ്ധ ചെലുത്തിയിട്ടില്ല. ടാറിംഗ് ചെയ്യുന്നതിന് ശേഷിക്കുന്ന ഭാഗത്തെ സോളിംഗ് ഭാഗികമായി നശിച്ച നിലയിലാണുള്ളതെന്ന് സൈറ്റ് പരിശോധനയിൽ നിന്നും വ്യക്തമായിട്ടുണ്ട്.

സോളിംഗ് പൂർത്തീകരിച്ച റോഡുകളുടെ ടാറിംഗ് പ്രവൃത്തികൾ നിർവ്വഹിക്കുന്നതിലുണ്ടായ കാലതാമസം മൂലം ആസ്തികൾ സൃഷ്ടിക്കുന്നതിൽ കാലതാമസമുണ്ടാക്കുകയും ആസ്തി നിർമ്മാണത്തിനായി മുൻകാലങ്ങളിൽ ചെലവഴിച്ച തുക നഷ്ടപ്പെടുന്നതിനും കാരണമായിട്ടുണ്ട്. ആസ്തികൾ പൂർണ്ണമായും സൃഷ്ടിക്കപ്പെടുന്ന വിധത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതും അപാകത ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

1-19 സിമന്റ് കോൺക്രീറ്റ് പേവ്മെന്റ് - മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമല്ല

2020-21 സാമ്പത്തിക വർഷത്തിൽ നിർമ്മാണം നടത്തിയ മരുതോങ്കര പി.എച്ച.സി കാവുംതറ റോഡ് (പ്രോജക്റ്റ്നം. 206/20-21), സിമന്റ് കോൺക്രീറ്റ് പേവ്മെന്റായാണ് നിർമ്മിച്ചിട്ടുള്ളത്. പ്രവൃത്തിയുടെ പ്രധാന ഇനമായ പേവ്മെന്റ് കോൺക്രീറ്റിംഗ് ചെയ്യുന്നതിന് പരിഗണിച്ചിട്ടുള്ള ഇനം റോഡ് കോൺക്രീറ്റിംഗിന് അനുയോജ്യമല്ല. മോർഡ് സ്പെസിഫിക്കേഷനിലെ വിവിധ സ്ട്രക്ച്ചറുകളുടെ ഓപ്പൺ ഫൗണ്ടേഷൻ വിശദമാക്കുന്ന അദ്ധ്യായം 800, 1200 എന്നിവയിൽ വിശദീകരിക്കുന്നതും DAR ലെ അദ്ധ്യായം 11ൽ 11.4.3.1 നമ്പർ പ്രകാരം ഡാറ്റാ നൽകിയതുമായ കോൺക്രീറ്റ് ഇനമാണ് റോഡ് നിർമ്മിതിക്ക് ഉപയോഗപ്പെടുത്തിയിരിക്കുന്നതെന്ന് എസ്റ്റിമേറ്റ് പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. എന്നാൽ മോർഡ് സ്പെസിഫിക്കേഷനിലെ സെക്ഷൻ 1500 മുതലാണ് പേവ്മെന്റ് കോൺക്രീറ്റിംഗ് സംബന്ധിച്ച് വിശദമാക്കുന്നത്. കൂടാതെ മോർഡ് സ്റ്റാൻേഡ് ഡാറ്റാ ബുക്കിലെ അദ്ധ്യായം 6 ൽ കോൺക്രീറ്റ് പേവ്മെന്റിന്റെ ഡാറ്റാ നല്കിയിട്ടുമുണ്ട്. ഇതിൽ 6.4 നമ്പർ ഇനമാണ് കോൺക്രീറ്റിനായി ഉപയോഗപ്പെടുത്തേണ്ടത്. വിവിധ സ്ട്രക്ച്ചറുകളുടെ ഫൗണ്ടേഷൻ കോൺക്രീറ്റും, പേവ്മെന്റുകൾക്കുപയോഗിക്കുന്ന കോൺക്രീറ്റും വ്യത്യസ്തമാണെന്നത് ഇവിടെ പ്രസക്തമാണ്. റോഡിനാവശ്യമായ ഇലാസ്റ്റികത, ഷോക് അബ്സോർപ്ഷൻ സ്വഭാവം എന്നിവ മറ്റ് സ്ട്രക്ച്ചറുകളുടെ ഫൗണ്ടേഷൻ കോൺക്രീറ്റിന് ഉണ്ടാകണമെന്നില്ല. ആയതിനാൽ 11.4.3.1 ഡാറ്റാ പ്രകാരമുള്ള കോൺക്രീറ്റിംഗ് റോഡ് പ്രവൃത്തികൾക്ക് അനുയോജ്യമല്ലാത്തതും ആയത് അവലംബിച്ച് നിർമ്മിക്കുന്ന റോഡുകൾ പെട്ടെന്ന് തകരുവാൻ സാദ്ധ്യത ഏറെയുമാണ്. മേൽപ്പറഞ്ഞ രണ്ട് കോൺക്രീറ്റുകളുടെയും സ്പെസിഫിക്കേഷൻ പരിശോധിച്ചാൽ തന്നെ നിർമ്മിതിയിലെ വലിയ അന്തരം വ്യക്തമാകുന്നതാണ്. ഇനം 6.4 പ്രകാരമുള്ള റോഡ് കോൺക്രീറ്റിൽ ഉപയോഗിക്കാവുന്ന Coarse Aggregate 25 Mmൽ കൂടാൻ പാടില്ല എന്ന് നിഷ്കർഷിക്കുമ്പോൾ, 11.4.3.1ൽ 40 Mm Aggregate വരെ ഉപയോഗിക്കുന്നുണ്ട്. 6.4 പ്രകാരമുള്ള ഇനത്തിൽ ഉപയോഗിക്കുന്ന സാധനങ്ങളുടെ ബാഹുല്യവും വൈവിധ്യവും ഇവിടെ പ്രാധാന്യം അർഹിക്കുന്നു.

കോൺക്രീറ്റ് റോഡ് നിർമ്മിതിക്ക് 11.4.3.1 നമ്പർ ഡാറ്റാ ഉപയോഗപ്പെടുത്തി പ്രവൃത്തികൾ നടത്താനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ് .

1-20 റീ ടെൻഷൻ തുക മെയിന്റനൻസ് ഗ്രാന്റിൽ നിന്നും തിരികെ നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി മെയിന്റനൻസ് ഗ്രാന്റ് റോഡ് ഫണ്ട് അടങ്കൽ ചെയ്ത് 2020-21 വർഷത്തിൽ നടപ്പാക്കിയ മുള്ളൻകുന്ന് ജാനകിക്കാട് റോഡ് പ്രവൃത്തിയുടെ പാർട് ബില്ലിൽ നിന്നും 7004 രൂപ റീ ടെൻഷൻ തുകയായി സെക്രട്ടറിയുടെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്. (ബിൽ തുക -313781, 30- 03 -2021 ) എന്നാൽ ഫൈനൽ ബിൽ നൽകിയപ്പോൾ (ബിൽ തുക- 32393 ) റീ ടെൻഷൻ തുക മെയിന്റനൻസ് ഗ്രാന്റിൽ നിന്നും കരാറുകാരന്

തിരികെ നൽകിയതായി കാണുന്നു. ആകെ പ്രവൃത്തിമൂല്യം 339170/- രൂപയായ പദ്ധതി മുഖേന 346174/- രൂപ പദ്ധതിക്കായി ചെലവഴിക്കപ്പെട്ടു. അപാകതക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല.

പാർട്ട് ബില്ലിൽ നിന്നും റീ ടെൻഷൻ തുകയായി ഈടാക്കി പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്ന 7004/- രൂപ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ബാലൻസ് ഷീറ്റിലെ ബി-7 ഷെഡ്യൂൾ പ്രകാരം റീ ടെൻഷൻ ഇനത്തിൽ നീക്കിയിരിപ്പുള്ള ബാധ്യതാ തുകയുടെ വസ്തുത പരിശോധിച്ച് സമാന രീതിയിലുള്ള തുക ഉണ്ടെങ്കിൽ ആയതും കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്.

1-21 ടെണ്ടർ കുറവ് പരിഗണിക്കാതെ റീ-ടെണ്ടർ നടപടി സ്വീകരിച്ചു.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പഞ്ചായത്ത് ഓഫീസിന് റെക്കോർഡ് റൂം എന്ന പ്രവൃത്തിയുടെ 06.09.2019 തിയ്യതിയിലെ ടെണ്ടറിൽ പങ്കെടുത്ത രവീന്ദ്രൻ, ശങ്കരൻ.വി.പി എന്നവർ യഥാക്രമം 2.66%, 9.01% എസ്റ്റിമേറ്റ് കുറവാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ രവീന്ദ്രൻ എന്നവർ നിരതദ്രവ്യം അടവാക്കിയതിൽ കുറവ് വന്ന കാരണം രേഖപ്പെടുത്തി ടെണ്ടർ അസാധുവാക്കുകയും റീ-03.10.2019 തിയ്യതിയിൽ ടെണ്ടർ ചെയ്തതിൽ എസ്റ്റിമേറ്റ് നിരക്ക് ക്വാട്ട് ചെയ്ത ശ്രീ.ശങ്കരൻ.വി.പി യുടെ ടെണ്ടർ പരിഗണിച്ച് പ്രവൃത്തി നൽകുകയും ചെയ്തിട്ടുണ്ട്. 9.01 കുറവ് രേഖപ്പെടുത്തിയ ടെണ്ടർ പരിഗണിക്കാതെ റീ-ടെണ്ടർ നടപടി സ്വീകരിച്ചതിനാൽ സ്ഥാപനത്തിന് 19575/- രൂപ നഷ്ടമുണ്ടായിട്ടുണ്ട്. അപാകതക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല.

2020-21 വർഷത്തിൽ നിർവ്വഹണം നടത്തിയ പൊതുമരാമത്ത് പ്രവൃത്തികളിൽ ഒന്നൊഴികെ (ഇ-ടെണ്ടർ) മുഴവൻ പ്രവൃത്തികളും എസ്റ്റിമേറ്റ് നിരക്കിലാണ് നിർവ്വഹിച്ചിട്ടുള്ളത്. മേൽ സാഹചര്യത്തിലാണ് എസ്റ്റിമേറ്റ് നിരക്കിലും 9.01 % കുറവ് രേഖപ്പെടുത്തിയ ടെണ്ടർ കൂടെ ടെണ്ടർ സമർപ്പിച്ച വ്യക്തിയുടെ ടെണ്ടറിലെ അപാകത ചൂണ്ടിക്കാട്ടി നിരാകരിച്ചിട്ടുള്ളത്. എന്നാൽ 2020-21 ൽ ടെണ്ടർ നടപടി കൈക്കൊണ്ട നാല് പ്രൊജക്ടുകളിലും ടെണ്ടർ അനുവദിക്കപ്പെട്ട അത്തോളി ലേബർ കോൺട്രാക്ടേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്കൊപ്പം ടെണ്ടറിൽ പങ്കെടുത്ത കൈരളി ലേബർ കോൺട്രാക്ടേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി എസ്റ്റിമേറ്റിൽ അധികരിച്ച നിരക്കാണ് ക്വാട്ട് ചെയ്തിട്ടുള്ളത്. എസ്റ്റിമേറ്റിൽ അധികരിച്ച ടെണ്ടറുകൾക്ക് സാധുതയില്ലെന്ന വസ്തുത നിലനിൽക്കെ, മേൽ അവസരങ്ങളിൽ ടെണ്ടർ റദ്ദ് ചെയ്ത് റീ ടെണ്ടർ നടപടി സ്വീകരിക്കാതെ എസ്റ്റിമേറ്റ് നിരക്കിലും 9.01 % കുറവ് രേഖപ്പെടുത്തിയ ടെണ്ടർ റദ്ദ് ചെയ്ത് റീ ടെണ്ടർ നടപടി സ്വീകരിച്ച നടപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. മേൽ തീരുമാനം

സ്ഥാപനത്തിന്റെ സാമ്പത്തിക താത്പര്യങ്ങൾക്ക് വിരുദ്ധമാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. 19575/- രൂപ നിരാകരിക്കുന്നു. ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കി പഞ്ചായത്തിൽ അടവാക്കേണ്ടതാണ്.

## 1-22 നെൽകൃഷി കൂലിച്ചെലവ് സബ്സിഡി നൽകിയതിലെ അപാകതകൾ

നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി നൽകുന്നതിന് നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | കൃഷി ഓഫീസർ |
| പ്രോജക്ട് നം. | 131/21 |
| അടങ്കൽ | 187000/- |
| ഫണ്ട് | വികസന ഫണ്ട് |
| ചെലവ് | 182920/- |
| ബിൽനം. തി. | 11/21/24.2.21 |

സ.ഉ(കൈ) നം.22/2018/തസ്വഭവ. തി.14.2.2018 പ്രകാരമുള്ള സബ്സിഡി സംബന്ധിച്ച മാർഗ്ഗരേഖയിൽ ഈ പദ്ധതിയുമായി ബന്ധപ്പെട്ട് നടീലും കൊയ്ത്തും ഒഴികെയുള്ള പ്രവർത്തനങ്ങളിൽ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തേണ്ടതാണെന്ന് സൂചിപ്പിച്ചിട്ടുണ്ടെങ്കിലും ഇതിനുള്ള ശ്രമങ്ങൾ നടന്നിട്ടില്ല. ഈ പദ്ധതിയിലെ ഗുണഭോക്താക്കൾ വിള ഇൻഷൂറൻസ് തുക മുൻകൂറായി അടയ്ക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും, ഇത് അടച്ചതായി കാണുന്നില്ല. അപാകതകൾ വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7/21/10.6.22) മറുപടി നൽകിയിട്ടില്ല. പദ്ധതി മാർഗ്ഗരേഖയില വ്യവസ്ഥകൾ പാലിക്കാതെ പദ്ധതി നിർവ്വഹണം നടത്തുന്നത് ശരിയായ നടപടിയല്ല. ഗുണഭോക്താക്കൾ വിള ഇൻഷൂറൻസ് അടച്ചിട്ടുണ്ട് എന്ന് ഉറപ്പുവരുത്തി അറിയിക്കേണ്ടതാണ്.

## 1-23 ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ നൽകൽ പദ്ധതിയിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിൽ ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ നൽകൽ പദ്ധതി നടപ്പാക്കിയതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | ഐസിഡിഎസ് സൂപ്പർവൈസർ |
| പ്രോജക്ട് നം. | 218/21 |

| | |
|---|---|
| അടങ്കൽ | 135000/- |
| ഫണ്ട് | വികസന ഫണ്ട് |
| ചെലവ് | 131065/- |
| ബിൽനം. തി. | 885/15.10.20 |

കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷനിൽ നിന്നും വിവിധ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ടെങ്കിലും ഇവ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വീഴ്ചയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/21/10.6.22) മറുപടി നൽകിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ എഴുതി പൂർത്തിയാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-24 അളവ് രേഖപ്പെടുത്തിയതിൽ അപാകത

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 വർഷത്തിൽ നടപ്പാക്കിയ കനാൽ വി.ടി മുക്ക് റോഡ് പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയതിൽ താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

1. അളവ് പുസ്തകത്തിൽ 180 മീറ്റർ നീളത്തിലുള്ള റോഡിന്റെ അളവ് ഒരൊറ്റ യൂണിറ്റായി രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത യൂണിറ്റിന്റെ കുറഞ്ഞ വീതിയായി രേഖപ്പെടുത്തിയിട്ടുള്ളത് 2.9 മീറ്ററും കൂടിയ വീതിയായി രേഖപ്പെടുത്തിയിട്ടുള്ളത് 3 മീറ്ററുമാണ്. എന്നാൽ സ്ഥല പരിശോധനയിൽ കുറഞ്ഞ വീതി 2.7 മീറ്റർ ഉള്ളതായി ബോധ്യപ്പെട്ടിട്ടുണ്ട്. റോഡിന്റെ വീതി സംബന്ധിച്ച അളവുകളിൽ വലിയ അന്തരമുണ്ടായിരിക്കെ 180 മീറ്റർ നീളം ഒരൊറ്റ യൂണിറ്റായി കണക്കാക്കി അളവെടുത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.
2. റോഡിന്റെ 0235 മുതൽ 0255 വരെയുള്ള ചെയിനേജിന്റെ ടാർ ചെയ്തതിന്റെ വീതി 3.2 ആയാണ് എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ 10.6.22 ലെ സൈറ്റ് പരിശോധനയിൽ ഈ ഭാഗത്ത് ഷോൾഡർ ഉൾപ്പെടെ 3.1 മീറ്റർ മാത്രമെ വീതിയുള്ളൂ എന്ന് വ്യക്തമായിട്ടുണ്ട്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അളവുകളിലെ വ്യതിയാനം പുനപരിശോധിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-25 വനിതകൾക്ക് പ്രത്യേകമായി പദ്ധതികളാവിഷ്കരിച്ചില്ല

സ.ഉ (കൈ) നം.11/2018/തസ്വഭവ. തി.29.1.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ.6-3 ൽ വനിതകളുടെ സാമൂഹ്യ സാമ്പത്തിക പദവി ഉയർത്തുന്നതിന് ഒരു വനിതാ ഘടക പദ്ധതി

തയ്യാറാക്കേണ്ടതും, അതിനനുസൃതമായ പദ്ധതികൾ തയ്യാറാക്കി നടപ്പാക്കേണ്ടതുമാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് വർഷം ഇങ്ങനെ ഒരു പദ്ധതി തയ്യാറാക്കിയിട്ടില്ല. സ്ത്രീകളുടെ സുരക്ഷ, സാമ്പത്തിക സ്വാശ്രയത്വം തുടങ്ങിയ മേഖലകളിൽ പദ്ധതികൾ ആവിഷ്കരിച്ച് വനിതകളുടെ സാമൂഹ്യപദവി ഉയർത്തുന്നതി നാവശ്യമായ പ്രവർത്തനങ്ങൾ നടത്തിയതായി കാണുന്നില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/20-21/10.6.22) മറുപടി നൽകിയിട്ടില്ല. ഗ്രാമപഞ്ചായത്തിലെ വനിതകളുടെ ക്ഷേമത്തിനാവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് അറിയ്ക്കേണ്ടതാണ്.

## 1-26 ബഡ്സ് സ്കൂൾ/ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ തുടങ്ങുന്നതിന് നടപടി സ്വീകരിച്ചില്ല.

സ.ഉ (കൈ) നം.22/2018/ തസ്വഭവ തി.14.2.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ 7.1.8 ൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ശാരീരിക – മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ പുനരധിവാസത്തിന് കുടുംബശ്രീയുടെ സഹായത്തോടെ ബഡ്സ് സ്കൂൾ/ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ ആരംഭിക്കാമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നിലവിൽ ഇത്തരം സ്ഥാപനങ്ങൾ തുടങ്ങിയിട്ടില്ല. നിലവിൽ ഗ്രാമപഞ്ചായത്തിൽ മാനസിക വെല്ലുവിളികൾ നേരിടുന്ന 29 കുട്ടികൾ ഉള്ളതായി സ്റ്റാറ്റസ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. ഇവരുടെ ശാരീരിക – മാനസിക വികാസത്തിനും, വൊക്കേഷണൽ ട്രെയിനിങ്ങിനും ആവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും, സൗകര്യങ്ങൾ ഒരുക്കുന്നതിനും ഗ്രാമപഞ്ചായത്തുകൾക്ക് വലിയ ഉത്തരവാദിത്തമുണ്ട്. എന്നാൽ ഇത് നിർവ്വഹിക്കുന്നതിന് ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8/20-21/10.6.22) മറുപടി നൽകിയിട്ടില്ല. ഗ്രാമപഞ്ചായത്തിൽ ബഡ്സ് സ്ഥാപനം തുടങ്ങുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-27 അഗതി ആശ്രയ പദ്ധതി - മുഴുവൻ ഗുണഭോക്താക്കൾക്കും ആനുകൂല്യങ്ങൾ ലഭിച്ചു എന്ന് ഉറപ്പുവരുത്താത്തതും മറ്റ് അപാകതകളും

ഗ്രാമപഞ്ചായത്തിൽ 2004-05 വർഷം മുതൽ അഗതി ആശ്രയ പദ്ധതി നടന്നു വരുന്നുണ്ട്. ഓരോ ഘട്ടത്തിലെ പദ്ധതിയിലും ഇതിനായി വകയിരുത്തിയ മുഴുവൻ തുകയും ചെലവഴിച്ചതായി കാണുന്നില്ല. പദ്ധതിയിൽ ഉൾപ്പെട്ട മുഴുവൻ ഗുണഭോക്താക്കൾക്കും പാക്കേജിൽ പരാമർശിച്ചിരിക്കുന്ന മുഴുവൻ ആനുകൂല്യങ്ങളും ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. ഗുണഭോക്താക്കൾക്ക് ചികിൽസാ സൗകര്യം ലഭ്യമാക്കുന്നതിനായി മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചെങ്കിലും മരുന്ന് നൽകുകാൻ ഇതുവരെ നടപടി സ്വീകരിച്ചിട്ടില്ല. ആശ്രയ ഗുണഭോക്താക്കൾക്ക് വിവിധ ആനുകൂല്യങ്ങൾ നൽകുന്നത്

രേഖപ്പെടുത്തുന്നതിന് സൂക്ഷിക്കേണ്ട മോണിറ്ററിംഗ് രജിസ്റ്ററിൽ വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തിയിട്ടില്ല. പദ്ധതിയുടെ ഓരോ ഘട്ടത്തിലും എത്ര തുക ചെലവഴിച്ചു എന്നതിന് കൃത്യമായ വിവരങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ല. അതുകൊണ്ട് തന്നെ ഗുണഭോക്താക്കൾക്ക് പദ്ധതിയിൽ സൂചിപ്പിച്ച എല്ലാ ആനുകൂല്യങ്ങളും ലഭിച്ചോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

2019-20 മുതൽ അഗതിരഹിത കേരളം എന്ന പദ്ധതിയാണ് നടപ്പാക്കി വരുന്നത്. ഇതിൽ ആകെ 162 ഗുണഭോക്താക്കളാണ് ഉൾപ്പെട്ടിരിക്കുന്നത്. മുൻ വർഷങ്ങളിലെ ആശ്രയ പദ്ധതികളിൽ ഉൾപ്പെട്ട ആനുകൂല്യങ്ങൾ ലഭിക്കാത്ത ഗുണഭോക്താക്കൾ ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. ആശ്രയ പദ്ധതിയുടെ നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി ഒരു വിലയിരുത്തൽ സമിതി രൂപീകരിക്കേണ്ടതാണ്.എന്നാൽ ഗ്രാമ പഞ്ചായത്തിൽ ഈ കമ്മിറ്റി രൂപീകരിച്ചിട്ടില്ല. ചലഞ്ച് ഫണ്ട് ലഭിക്കാത്തതിനാൽ കഴിഞ്ഞ ഒരു വർഷമായി ഗുണഭോക്താക്കൾക്ക് ഭക്ഷണ വിതരണം നടത്തിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/20-21/10.6.22) മറുപടി നൽകിയിട്ടില്ല. അഗതി രഹിത കേരളം പദ്ധതിയിലെ മുഴുവൻ ഗുണഭോക്താക്കൾക്കും പ്രോജക്ടിൽ സൂചിപ്പിച്ച ആനുകൂല്യങ്ങൾ ലഭ്യമാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-28 ടെണ്ടർ ക്ഷണിക്കാതെ കമ്പ്യൂട്ടറുകളും മറ്റ് ഉപകരണങ്ങളും വാങ്ങി

കൃഷി ഓഫീസിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ, യുപിഎസ് എന്നിവ വാങ്ങുന്നതിന് നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| നിർവ്വഹണം | കൃഷി ഓഫീസർ |
| പ്രോജക്ട് നം. | 153/21 |
| അടങ്കൽ | 130000/- |
| ഫണ്ട് | എം.ജി (എൻ.ആർ) |
| ചെലവ് | 109675/- |
| ബിൽനം. തി. | 14/21/9.3.21 |

ഈ പദ്ധതി നടപ്പാക്കുന്നതിന് ടെൻഡർ ക്ഷണിച്ചിട്ടില്ല. എല്ലാ ഉപകരണങ്ങളും വെവ്വേറേ ക്വട്ടേഷൻ ക്ഷണിച്ച് വാങ്ങുകയായിരുന്നു. 22.09.20 ന് ചേർന്ന പ്രൊക്വയർമെന്റ് കമ്മിറ്റി മീറ്റിങ്ങിൽ ഈ സാധനങ്ങൾ ക്വട്ടേഷൻ മുഖേന വാങ്ങുന്നതിന് തീരുമാനിച്ചതായി കാണുന്നു. പ്രൊക്വയർമെന്റ്

മാന്വലിലെ വ്യവസ്ഥകൾ പാലിക്കാതെ വാങ്ങൽ നടത്തിയത് വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6/21/10.6.22) മറുപടി നൽകിയിട്ടില്ല. ഗ്രാമപഞ്ചായത്തിലെ വാങ്ങലുകളുടെ കാര്യത്തിൽ പ്രൊക്വയർമെന്റ് മാന്വലിലെ വ്യവസ്ഥകൾ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ട കമ്മിറ്റി തന്നെ ഈ കാര്യത്തിൽ തെറ്റായ തീരുമാനമെടുക്കുന്നത് ശരിയായ നടപടിയല്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

1-29 എസ്.സി.വനിതകൾക്ക് പെണ്ണാട് - സബ്സിഡി നൽകിയതിൽ അപാകത

നിർവഹണം - വെറ്ററിനറി സർജൻ

അടങ്കൽ - 180000

ചെലവ് - 180000 (ബിൽ നം.242/13.03.21)

പ്രോജക്ട് - 106/2020-21

എസ്.സി വിഭാഗത്തിൽപ്പെട്ട 15 വനിതാ ഗുണഭോക്താക്കൾക്ക് 6000/- രൂപ വീതം വിലയുള്ള രണ്ട് വീതം പെണ്ണാടുകളെ 100% സബ്സിഡിയിൽ വിതരണം ചെയ്തിട്ടുണ്ട്. ഇതിന് എസ്.സി.പി ഫണ്ടിൽ നിന്ന് 180000/- രൂപ (15X2X6000) ചെലവഴിച്ചിട്ടുണ്ട്. സ.ഉ(കൈ)നം.22/2018/തസ്വഭവ തീ.14.02.2018 ഖണ്ഡിക 6.2(2) പ്രകാരം മേൽ പ്രോജക്ടിന് 75% സബ്സിഡിക്കാണ് അർഹത. 30 ആടുകളുടെ വില വടകരയിലെ റിയാസ് പി.പി എന്നയാൾആവശ്യപ്പെട്ട പ്രകാരം നൽകിയിട്ടുണ്ട്. ഇക്കാലയളവിൽ മൂന്ന് വെറ്ററനറി സർജൻമാർ മേൽ പ്രോജക്ട് നടപ്പാക്കുന്നതിൽ പങ്ക് വഹിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുത്തിരിക്കുന്നു.

| വെറ്ററിനറി സർജൻ | കാലയളവ് | വഹിച്ച പങ്ക് |
|---|---|---|
| ഡോ.സീലിയ ലൂയിസ് | 01.04.2020 മുതൽ 05.07.20 വരെ | ഗുണഭോക്തൃവിഹിതം ഉൾപ്പെടുത്താതെ 100% സബസിഡിയിൽ പ്രോജക്ട് തയ്യാറാക്കി |
| ഡോ.ജിത്തു വി.ഐ | 03.02.2021 മുതൽ 23.02.21 | പർച്ചേസിംഗ് കമ്മിറ്റി കൺവീനറായ വെറ്ററിനറി സർജൻ 20.02.21-ന് ഉരുക്കളെ |

| | | |
|---|---|---|
| | വരെ | വാങ്ങി ഗുണഭോക്തൃ വിഹിതം ഈടാക്കാതെ വിതരണം ചെയ്തു. |
| ഡോ.വിദ്യാലക്ഷ്മി | 24.02.21 മുതൽ 31.03.21 വരെ | ഗുണഭോക്തൃ വിഹിതം ഈടാക്കാതെ തുക കൈമാറി. |

ഗുണഭോക്തൃ വിഹിതം ഈടാക്കാതെ പദ്ധതി നടപ്പിലാക്കിയതിനാൽ എസ്.സി.പി ഫണ്ടിൽ നിന്ന് 45000/- രൂപ (180000x25/100) അധികം ചെലവഴിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. നഷ്ടപ്പെട്ട തുക മേൽപ്പറഞ്ഞ മൂന്ന് ഉദ്യോഗസ്ഥരിൽനിന്ന് തുല്യമായി ഈടാക്കി എസ്.സി.പി ഫണ്ടിൽ ഒടുക്കേണ്ടതാണ്.

1-30 ജി.എൽ.പി.സ്കൂളിന് മൈക്ക് സെറ്റ് വാങ്ങൾ - പ്രൊജക്ട് തയ്യാറാക്കിയതിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ്മാസ്റ്റർ

അടങ്കൽ - 50000

ചെലവ് - 49382 (ബിൽനം.186/17.02.2021)

പ്രൊജക്ട് നമ്പർ - 118/2020-21

മരുതോങ്കര ഗ്രാമപഞ്ചായത്തിൽ നാല് സർക്കാർ എൽ.പി സ്കൂളുകളാണുള്ളത്. നോൺറോഡ് മെയിന്റനൻസ് ഗ്രാന്റിൽ നിന്ന് 49382/- രൂപ ചെലവഴിച്ച് ജി.എൽ.പി.സ്കൂളിന് മൈക്ക്സെറ്റ് എന്ന പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്. ഒരു മൈക്ക് സെറ്റ് ആണ് വാങ്ങിയിട്ടുള്ളത്. എന്നാൽ പ്രോജക്ടിൽ ഏത് സ്കൂളിന് വേണ്ടിയാണ് മൈക്ക്സെറ്റ് എന്ന് പരാമർശിച്ചിട്ടില്ല. വർക്കിംഗ് ഗ്രൂപ്പിലോ സ്റ്റാറ്റസ് റിപ്പോർട്ടിലോ ഇതു സംബന്ധിച്ച് പരാമർശമില്ല. ഹെഡ്മാസ്റ്ററിൽ നിന്ന് ലഭിച്ച വിവരങ്ങൾ പ്രകാരം മൈക്ക് സെറ്റ് വാങ്ങിയ ശേഷം ഏത് സ്കൂളിന് നൽകണം എന്നതു സംബന്ധിച്ച് തർക്കമുണ്ടായതിനാൽ ഭരണസമിതി തീരുമാനമെടുത്ത് മരുതോങ്കര ജി.എൽ.പി.എസിന് നൽകുകയാണുണ്ടായത്. മേൽ നടപടികൾ ആസൂത്രണ മാർഗ രേഖകൾക്കും നടപടിക്രമങ്ങൾക്കും നിരക്കുന്നതല്ല. ഘടക സ്ഥാപനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ വർക്കിംഗ് ഗ്രൂപ്പിൽ ചർച്ച ചെയ്ത ശേഷം മുൻഗണനാക്രമത്തിൽ സ്റ്റാറ്റസ് റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ടതും പ്രോജക്ടിൽ ഏത് സ്ഥാപനത്തിന് വേണ്ടിയാണ് സാധനങ്ങൾ വാങ്ങുന്നതെന്ന് പരാമർശിക്കേണ്ടതുമാണ്. ആവശ്യകത നിർണയിക്കാതെ

പ്രോജക്ട് തയ്യാറാക്കിയതാണ് മേൽപ്പറഞ്ഞ അപാകതകൾക്ക് കാരണം. അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ടെണ്ടർ കുറവ് പരിഗണിക്കാതെ റീ-ടെണ്ടർ നടപടി സ്വീകരിച്ചു

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പഞ്ചായത്ത് ഓഫീസിന് റെക്കോർഡ് റൂം എന്ന പ്രവൃത്തിയുടെ 06.09.2019 തിയ്യതിയിലെ ടെണ്ടറിൽ പങ്കെടുത്ത രവീന്ദ്രൻ, ശങ്കരൻ.വി.പി എന്നവർ യഥാക്രമം 2.66%, 9.01% എസ്റ്റിമേറ്റ് കുറവാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ രവീന്ദ്രൻ എന്നവർ നിരതദ്രവ്യം അടവാക്കിയതിൽ കുറവ് വന്ന കാരണം രേഖപ്പെടുത്തി ടെണ്ടർ അസാധുവാക്കുകയും റീ-03.10.2019 തിയ്യതിയിൽ ടെണ്ടർ ചെയ്തതിൽ എസ്റ്റിമേറ്റ് നിരക്ക് ക്വാട്ട് ചെയ്ത ശ്രീ.ശങ്കരൻ.വി.പി യുടെ ടെണ്ടർ പരിഗണിച്ച് പ്രവൃത്തി നൽകുകയും ചെയ്തിട്ടുണ്ട്. 9.01 കുറവ് രേഖപ്പെടുത്തിയ ടെണ്ടർ പരിഗണിക്കാതെ റീ-ടെണ്ടർ നടപടി സ്വീകരിച്ചതിനാൽ സ്ഥാപനത്തിന് 19575/- രൂപ നഷ്ടമുണ്ടായിട്ടുണ്ട്. അപാകതക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല.

2020-21 വർഷത്തിൽ നിർവ്വഹണം നടത്തിയ പൊതുമരാമത്ത് പ്രവൃത്തികളിൽ ഒന്നൊഴികെ (ഇ-ടെണ്ടർ) മുഴവൻ പ്രവൃത്തികളും എസ്റ്റിമേറ്റ് നിരക്കിലാണ് നിർവ്വഹിച്ചിട്ടുള്ളത്. മേൽ സാഹചര്യത്തിലാണ് എസ്റ്റിമേറ്റ് നിരക്കിലും 9.01 % കുറവ് രേഖപ്പെടുത്തിയ ടെണ്ടർ കൂടെ ടെണ്ടർ സമർപ്പിച്ച വ്യക്തിയുടെ ടെണ്ടറിലെ അപാകത ചൂണ്ടിക്കാട്ടി നിരാകരിച്ചിട്ടുള്ളത്. എന്നാൽ 2020-21 ൽ ടെണ്ടർ നടപടി കൈക്കൊണ്ട നാല് പ്രൊജക്ടുകളിലും ടെണ്ടർ അനുവദിക്കപ്പെട്ട അത്തോളി ലേബർ കോൺട്രാക്ടേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്കൊപ്പം ടെണ്ടറിൽ പങ്കെടുത്ത കൈരളി ലേബർ കോൺട്രാക്ടേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി എസ്റ്റിമേറ്റിൽ അധികരിച്ച നിരക്കാണ് ക്വാട്ട് ചെയ്തിട്ടുള്ളത്. എസ്റ്റിമേറ്റിൽ അധികരിച്ച ടെണ്ടറുകൾക്ക് സാധുതയില്ലെന്ന വസ്തുത നിലനിൽക്കെ, മേൽ അവസരങ്ങളിൽ ടെണ്ടർ റദ്ദ് ചെയ്ത് റീ ടെണ്ടർ നടപടി സ്വീകരിക്കാതെ എസ്റ്റിമേറ്റ് നിരക്കിലും 9.01 % കുറവ് രേഖപ്പെടുത്തിയ ടെണ്ടർ റദ്ദ് ചെയ്ത് റീ ടെണ്ടർ നടപടി സ്വീകരിച്ച നടപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. മേൽ തീരുമാനം സ്ഥാപനത്തിന്റെ സാമ്പത്തിക താത്പര്യങ്ങൾക്ക് വിരുദ്ധമാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. 19575/- രൂപ നിരാകരിക്കുന്നു. ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കി പഞ്ചായത്തിൽ അടവാക്കേണ്ടതാണ്.

## 3-2 എസ്.സി വനിതകൾക്ക് പെണ്ണാട് - സബ്സിഡി നൽകിയതിൽ അപാകത

നിർവഹണം - വെറ്ററിനറി സർജൻ

അടങ്കൽ - 180000

ചെലവ് - 180000 (ബിൽ നം.242/13.03.21)

പ്രോജക്ട് - 106/2020-21

എസ്.സി വിഭാഗത്തിൽപ്പെട്ട 15 വനിതാ ഗുണഭോക്താക്കൾക്ക് 6000/- രൂപ വീതം വിലയുള്ള രണ്ട് വീതം പെണ്ണാടുകളെ 100% സബ്സിഡിയിൽ വിതരണം ചെയ്തിട്ടുണ്ട്. ഇതിന് എസ്.സി.പി ഫണ്ടിൽ നിന്ന് 180000/- രൂപ (15X2X6000) ചെലവഴിച്ചിട്ടുണ്ട്. സ.ഉ(കൈ)നം.22/2018/തസ്വഭവ തീ.14.02.2018 ഖണ്ഡിക 6.2(2) പ്രകാരം മേൽ പ്രോജക്ടിന് 75% സബ്സിഡിക്കാണ് അർഹത. 30 ആടുകളുടെ വില വടകരയിലെ റിയാസ് പി.പി എന്നയാൾആവശ്യപ്പെട്ട പ്രകാരം നൽകിയിട്ടുണ്ട്. ഇക്കാലയളവിൽ മൂന്ന് വെറ്ററനറി സർജൻമാർ മേൽ പ്രോജക്ട് നടപ്പാക്കുന്നതിൽ പങ്ക് വഹിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുത്തിരിക്കുന്നു.

| വെറ്ററിനറി സർജൻ | കാലയളവ് | വഹിച്ച പങ്ക് |
|---|---|---|
| ഡോ.സീലിയ ലൂയിസ് | 01.04.2020 മുതൽ 05.07.20 വരെ | ഗുണഭോക്തൃവിഹിതം ഉൾപ്പെടുത്താതെ 100% സബസിഡിയിൽ പ്രോജക്ട് തയ്യാറാക്കി |
| ഡോ.ജിത്തു വി.ഐ | 03.02.2021 മുതൽ 23.02.21 വരെ | പർച്ചേസിംഗ് കമ്മിറ്റി കൺവീനറായ വെറ്ററിനറി സർജൻ 20.02.21-ന് ഉരുക്കളെ വാങ്ങി ഗുണഭോക്തൃ വിഹിതം ഈടാക്കാതെ വിതരണം |

| | | |
|---|---|---|
| | | ചെയ്തു. |
| ഡോ.വിദ്യാലക്ഷ്മി | 24.02.21 മുതൽ 31.03.21 വരെ | ഗുണഭോക്തൃ വിഹിതം ഈടാക്കാതെ തുക കൈമാറി. |

ഗുണഭോക്തൃ വിഹിതം ഈടാക്കാതെ പദ്ധതി നടപ്പിലാക്കിയതിനാൽ എസ്.സി.പി ഫണ്ടിൽ നിന്ന് 45000/- രൂപ (180000x25/100) അധികം ചെലവഴിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. നഷ്ടപ്പെട്ട തുക മേൽപ്പറഞ്ഞ മൂന്ന് ഉദ്യോഗസ്ഥരിൽനിന്ന് തുല്യമായി ഈടാക്കി എസ്.സി.പി ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 08.06.2022 | |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്-കുന്നമ്മൽ | 2020-21 | 86839 | 182/20-21. മിൽക്ക് ഇൻസെന്റീവ് | 86839 | 0 |
| | 2020-21 | 300000 | 12/20-21. | 300000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | | |
| | 2020-21 | 206130 | 122/20-21. പാലിന് സബ്സിഡി | 206130 | |
| | 2020-21 | 100000 | 97/20-21. പെയിന് & പാലിയേറ്റീവ് | 100000 | 0 |
| | 2020-21 | 53800 | 131/20-21. നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 53800 | |
| | 2020-21 | 16185 | 128/20-21. കാലിത്തീറ്റ സബ്സിഡി | 16185 | 0 |
| | 2020-21 | 600000 | 135/20-21. കാലിത്തീറ്റ സബ്സിഡി | 600000 | 0 |
| | 2020-21 | 284966 | 87/20-21. ലൈഫ് (എസ്സ്.സി) | 284966 | |
| ജില്ലാ പഞ്ചായത്ത് | 2020-21 | 54000 | 163/20-21. നെൽകൃഷി ഉത്പാദനം | 54000 | 0 |
| | 2020-21 | 200000 | 12/20-21. ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 200000 | |

| | | | | | |
|---|---|---|---|---|---|
| | 2020-21 | 54000 | 131/20-21 നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 54000 | |
| | 2020-21 | 90000 | ക്ഷീരഗ്രാമം (വനിത) | 90000 | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | തൻ വർഷം എടുത്ത വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ ഭവന പദ്ധതി | സ.ഉ (എം.എസ്) 68/2018 ത.സ്വ.ഭ.വ തീയതി-18/08/2018 | - | 14065294 | 1067961 | -- | 12997333 |

## 4-6 സ്ഥിര നിക്ഷേപം

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 2,35,976 |
| തൻവർഷം നിക്ഷേപിച്ച തുക | 18,878 |
| ആകെ | 2,54,854 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2,54,854 |

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക |
|---|---|---|---|---|
| 1 | കോഴിക്കോട് ഡിസ്ട്രിക്ട് കോപ്പറേറ്റീവ് ബാങ്ക് | 31.03.2021 | 12 മാസം | 254854 |
| ആകെ | | | | 254854 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

മരുതോങ്കര ഗ്രാമപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് | ഖണ്ഡിക | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | വർഷം | | | |
| 1997-98 | 36 | 2003-04 | 11.14 | മരാമത്ത് പ്രവൃത്തികൾക്ക് സാങ്കേതികാനുമതിയില്ല | തടസ്സം തുടരുന്നു |
| 1998-99 ചെലവ് | 19 | 2003-04 | 11.13.1.13 | എഗ്ഗർ നഴ്സറി യൂണിറ്റ് പൂർത്തിയാക്കിയില്ല | തടസ്സം തുടരുന്നു |
| | 30 | | 11.13.1.5 | വനിതാ സോപ്പ് നിർമ്മാണ യൂണിറ്റ് പ്രവൃത്തിക്കുന്നില്ല | തടസ്സം തുടരുന്നു |
| | 32 | | 11.13.1.4 | ബുക്ക് ബൈൻഡിംഗ് യൂണിറ്റ് പ്രവർത്തിക്കുന്നില്ല | തടസ്സം തുടരുന്നു |
| | | | 11.14 | നാളീകേര കോംപ്ലക്സ് നിർമ്മാണം | തടസ്സം തുടരുന്നു |
| 1999-00 | | | 11.14 | കയറുൽപ്പന്ന നിർമ്മാണ പരിശീലനം, വീട് ഓട്ട മേയൽ ചെലവ് വിവരം ലഭ്യമല്ല | തടസ്സം തുടരുന്നു |
| 2000-01 | 2-1 | 2005-06 | 2.70.1.11.7 | രജിസ്റ്ററുകളുടെയും | ഒഴിവാക്കാൻ ശുപാർശ |

| | | | | | |
|---|---|---|---|---|---|
| | | | | ഫയലുക ളുടെയും സൂക്ഷിപ്പ് | |
| | | | 2.70.1.14.9 | നികുതി പിരിവിൽ അലംഭാവം | ഒഴിവാക്കാൻ ശുപാർശ |
| 2001-02 | 12 | 2003-04 | 11.13.1.2 | നാളികേര കോംപ്ലക്സ് പ്രവർത്തന മാരംഭിച്ചില്ല | തടസ്സം തുടരുന്നു |
| | 12 | | 11.13.1.3 | വസ്ത്ര നിർമ്മാണ യൂണിറ്റ് | തടസ്സം തുടരുന്നു |
| 2014-15 | 2-2, 2-3 | 2016-17 | അനുബന്ധം4 | തൊഴിൽ നികുതി അപാകതകൾ | തടസ്സം തുടരുന്നു. |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കാനവശേഷിക്കുന്ന തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,90,19,526 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,17,96,610 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 64,575 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | - |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 19,575 | ജനപതി ടി.എസ്, അസി.എഞ്ചിനീയർ |
| 3-2 | - | 45,000 | 1)ഡോ.സിലിയ ലൂയിസ്, വെറ്ററിനറി സർജൻ 2)ഡോ.ജിത്തു, വെറ്ററിനറി സർജൻ |

| | | | |
|---|---|---|---|
| | | | 3)ഡോ.വിദ്യാലക്ഷ്മി,<br>വെറ്ററിനറി സർജൻ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.സിലിയ ലൂയിസ്,<br>വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ,<br>വെറ്ററിനറി ഡിസ്പെൻസറി,<br>എടവക,<br>വയനാട് ജില്ല | മുരിങ്ങമ്പള്ളി,<br>പയ്യമ്പള്ളി,<br>വയനാട്-670645 |

| | | |
|---|---|---|
| 2)ഡോ.ജിത്തു,<br>വെറ്ററിനറി സർജന് | വെറ്ററിനറി<br>സർജൻ,<br>വെറ്ററിനറി<br>ഡിസ്പെൻസറി,<br>ചക്കിട്ടപാറ | നീലാംബരി,<br>കാവിൽ - പി.ഒ,<br>നടുവണ്ണൂർ,<br>കോഴിക്കോട്-<br>673614 |
| 3)ഡോ.വിദ്യാലക്ഷ്മി,<br>വെറ്ററിനറി സർജന് | വെറ്ററിനറി<br>സർജൻ,<br>വെറ്ററിനറി<br>ഡിസ്പെൻസറി,<br>മരുതോങ്കര | പ്ലോട്ട് നം.38,<br>കെ.എസ്.എച്ച്.<br>ബി. കോളനി,<br>ചാലക്കുടി<br>സൗത്ത്<br>തൃശ്ശൂർ - 680307 |
| ജനപതി ടി.എസ്,<br>അസി.എഞ്ചിനീയർ | - | തൊടിയിൽ വീട്,<br>തെക്കേവിള പി.ഒ,<br>കൊല്ലം - 691016 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേ ഷിക്കുന്ന ഖണ്ഡിക കളുടെ എണ്ണം | തീർപ്പാക്കാൻ അവശേ ഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|
| 1997-98 ചെലവ് | എൽ.എഫ്.കെ.കെ.ഡി. പി6/86/13(1) തീ-13.02.2013 | 1 | 27 |
| 1997-98 ഡി.സി.ബി | എൽ.എഫ്.കെ.കെ.ഡി. എസ്1/720/03 തീ-4.11.2003 | 8 | 17, 19, 30, 32, 34, |

| | | | |
|---|---|---|---|
| | | | 35, 40, 41 |
| 1998-99 ചെലവ് | എൽ.എഫ്.കെ.കെ.ഡി. പി6/86/13(2) തീ-13.02.13 | 8 | 17, 19, 30, 32, 34, 35,40,41 |
| 1998-99 ഡി.സി.ബി | എൽ.എഫ്.കെ.കെ.ഡി. എസ്1/721/03 തീ-01.09.05 | 6 | 11, 12(2), 12(3), 18, 22, 28 |
| 1999-00 | എൽ.എഫ്.കെ.കെ.ഡി. പി6/1920/11(11) തീ-24.07.2012 | 7 | 25, 26, 28, 29, 31, 32, 33 |
| 2000-01 ഡി.സി.ബി | എൽ.എഫ്.കെ.കെ.ഡി. പി6/1920/12(12) തീ-24.07.2012 | 4 | 1-6, 2-1, 3-2, 3-4 |
| 2000-01 പ്ലാൻ | എൽ.എഫ്.കെ.കെ.ഡി. എസ്2/1181/03 തീ-01.09.2005 | 2 | 3-2,3-4 |
| 2001-02 പ്ലാൻ | എൽ.എഫ്.കെ.കെ.ഡി. എസ്2/1182/03 തീ-19.08.2005 | 7 | 8,9,10,11,12 |
| 2001-02 ഡി.സി.ബി | എൽ.എഫ്.കെ.കെ.ഡി. പി6/251(1)/09 തീ-31.03.2009 | 3 | 3-2,3-3,4-1 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി. പി6/251(1)/09 തീ-31.03.2009 | 11 | (2-1(1), 2-1(2), 2-2, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7(ബി), 4-1 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി. പി6/1156(1)/09 തീ-20.05.2010 | 12 | 3-1, 3-2, 3-3, 3-4, 3-5, 3-6(1,2) 3-7, 3-8, 3-9, 3-10, 3-11, 4-1 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി. പി6/1156(2)/09 | 11 | 3-1(1), 3-1(2), 3-1(3), |

| | | | |
|---|---|---|---|
| | തീ-20.05.2010 | | 3-1(4), 3 B,C, D(1), 3-2, 3-3 , 3-4, 3-1 D (2), 4-7 ഇ |
| 2005-06 | എൽ.എഫ്.കെ.കെ.ഡി. പി6/1156(3)/09 തീ-21.05.2010 | 10 | 2-2, 3-1, 3-2, 3-3, 3-4, 3-5 3-6, 3-7, 3-8, 4-1 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി. പി6/75/11 തീ-08.06.2011 | 22 | 2-1, 2-6, 2-7, 2-8, 2-9, 2,-10 2-11, 2-12, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7(1-4) |
| 2007-08 | എൽ.എഫ്.കെ.കെ.ഡി. പി6/1136/12 തീ-28.04.2012 | 16 | 2-1, 2-4, 2-5, 3-2, 3-3, 3-4, 3-5, 3-6, 3-9, 3-10, 3-11, 3-12, 3-13, 3-15, 3-18, 3-19 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി. പി6/1531(1)/12 തീ-01.11.2012 | 14 | 1-2, 2-1, 3-1, 3-2, 3-3, 3-4, 3-6, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14 |
| 2009-10 | കെ.എസ്.എ.കെ.കെ.ഡി.പി7/ 1252/2021തി.04.02.2022 | 5 | 2-1(ബി), 2-2, 3-1(എ,ബി), 3-15 |
| 2010-11 & 11-12 | എൽ.എഫ്.കെ.കെ.ഡി. പി6/273/13 തീ-25.11.2013 | 26 | (1-5, 1-6, 2-1(ബി,സി), |

| | | | |
|---|---|---|---|
| | | | 2-2(എ-<br>1,2,3,4) ,2-2<br>(ബി-1,2,3)<br>2-3, 3-1, 3-2,<br>3-4,<br>3-5,3-6,3-7,<br>3-8, 3-9,<br>3-10, 3-11,<br>3-12, 3-13,<br>3-14 (എ,ബി)<br>3-15, 3-16,<br>3-17<br>3-18, 3-19) |
| 2012-13<br>& 13-14 | എൽ.എഫ്.കെ.കെ.ഡി.<br>പി6/16/15 തീ-8.02.2015 | 13 | 2-1, 3-1, 3-2,<br>3-3, 3-4, 3-5,<br>3-6, 3-7, 3-8,<br>3-10, 3-12,<br>3-13<br>3-14, |
| 2014-15 | കെ.എസ്.എ.കെ.കെ.ഡി.<br>പി6/1945/2018 തീ-22.10.2018 | 17 | 2-1, 2-2(1,2),<br>2-3, 3-1, 3-2,<br>3-3,<br>3-4, 3-5, 3-6,<br>3-7, 3-10,<br>3-11,<br>3-12, 3-13,<br>3-14, 4-3 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.<br>പി6/678/2017 തി-03.06.2017 | 13 | 2-1, 2-2, 3-1,<br>3-2, 3-3, 3-4,<br>3-5, 3-6, 3-7,<br>3-8,<br>3-12, 3-13,<br>3-17 |

| | | | |
|---|---|---|---|
| 2016-17 | കെ.എസ്.എ.കെ.കെ.<br>ഡി.പി6/207/2018<br>തീ-06.02.2018 | 15 | 2-1, 2-2(3),<br>2-3(2),<br>2-3(4,5), 2-4,<br>2-5, 3-1<br>(1,2,3),<br>3-2, 3-8, 3-9,<br>3-10, 3-12) |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി.<br>പി10/607/2020<br>തീ-27.08.2020 | 11 | 1-6, 1-9, 1-10,<br>1-11, 1-12,<br>1-13,1-16,<br>1-18, 1-20,<br>1-21, 1-22,<br>1-23 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി/<br>പി10/607/2020<br>തീ-27.08.2020 | 12 | 1-6, 1-9, 1-10,<br>1-11, 1-12, 1-13,<br>1-16, 1-18,<br>1-20, 1-21,<br>1-22, 1-23 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി/<br>പി7/555/2022 തീ-31.03.2022 | 28 | 1-1, 1-2-1,<br>1-4-1, 1-6-1,<br>1-7-1, 1-9, 1-10<br>മുതൽ 1-131<br>വരെ |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ),

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ മരുതോങ്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ മരുതോങ്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്